

# ജാലകം

ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ 2024

PRMHSS PANOOR

# പി.ആർ.മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ

# പാനൂർ



മലബാറിൽ ആധുനിക സ്കൂൾ വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ച ക്രിസ്ത്യൻ മിഷനറി സംഘടന, ബാസൽ ഇവാഞ്ജെലിക്കൽ മിഷൻ പാനൂരിൽ സ്ഥാപിച്ച മിഡിൽ സ്കൂൾ, വളർച്ചയുടെ പടവുകളും പിന്നിട്ട്, ഇന്ന് പി.ആർ.മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളായി പാനൂർ ടൗണിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്നു. ഒരു നൂറ്റാണ്ടിന്റെ ചരിത്രം ഈ സ്ഥാപനത്തിനു അവകാശപ്പെട്ടതാണ്. തലമുറകൾക്ക് വിദ്യാഭ്യാസം നൽകി ഇന്നും വളർന്നുകൊണ്ടിരിക്കുകയാണ്.

1914 ജൂലൈ 14 ന് ബാസൽ ഇവാഞ്ജെലിക്കൽ മിഷൻ പാനൂരിൽ ഒരു മിഡിൽ സ്ക്കൂൾ ആരംഭിച്ചു. പാനൂർ പ്രദേശത്തെ ആദ്യത്തെ ഓട് മേഞ്ഞ കെട്ടിടമായിരുന്നു അത്. ഇവിടെ I,II,III ഫോറങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസുകളാണ് ഉണ്ടായിരുന്നത്. തലശ്ശേരിയിൽ നിന്നുവന്ന ബെഞ്ചമിൻ, ഐസക്ക് മുതലായ അധ്യാപകരാണ് ആദ്യഘട്ടത്തിൽ പഠിപ്പിച്ചിരുന്നത്.

1942 ഏപ്രിൽ 17 ന് ബാസൽ ഇവാഞ്ജെലിക്കൽ മിഷൻ സ്കൂളിന്റെ ഉടമാവകാശം നാട്ടുകാരനായ കെ.കെ.അപ്പുക്കുട്ടൻ അടിയോടിയ്ക്ക് പ്രതിവർഷം 150 രൂപ പാട്ടത്തിൽ കൈമാറി. തുടർന്നും സ്ഥാപനം പഴയ പേരിൽ തന്നെ അറിയപ്പെട്ടു.

1952 ഒക്ടോബർ 30 ന് സി.എച്ച്.ഗോപാലൻ നമ്പ്യാർ മാസ്റ്റർ മുൻകൈ എടുത്തു സ്കൂൾ ഹാളിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ വെച്ച് മിഡിൽ സ്കൂൾ, ഹൈസ്കൂളായി ഉയർത്താനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സർവ്വശ്രീ.പി.ആർ.കുറുപ്പ്, സി.കെ.ഉസ്മാൻ സാഹിബ്, സി.എച്ച്.ദാമോദരൻ നമ്പ്യാർ, കെ.കെ.വേലായുധൻ അടിയോടി, കിനാത്തി കുഞ്ഞിക്കണ്ണൻ കെ.ടി.പത്മനാഭൻ നമ്പ്യാർ, വാച്ചാലി ശങ്കുണ്ണി, ടി.പി. കുഞ്ഞിമ്മൂസ, സി.കെ.ഹസ്സൻ, എൻ.കെ. ശങ്കരൻ ഡ്രൈവർ, സി.എച്ച്.ഗോപാലൻ നമ്പ്യാർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയെ നിയോഗിച്ചു. 1952-ൽ സ്വന്തമായി ഹൈസ്കൂൾ സ്ഥാപിച്ചു നടത്താൻ പ്രവർത്തക സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22-08-1952 ന് സൊസൈറ്റി ആക്ട് പ്രകാരം കമ്മിറ്റി രജിസ്റ്റർ ചെയ്തു. സി.എച്ച്.ദാമോദരൻ നമ്പ്യാർ സെക്രട്ടറിയായി ചുമതലയേറ്റു. ഹൈസ്കൂൾ രൂപീകരണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ പി.ആർ.കുറുപ്പ് കൺവീനറായി ഒരു സബ് കമ്മിറ്റിയെ

റവന്യൂ ജില്ല
കണ്ണൂർ

വിദ്യാഭ്യാസ ജില്ല
തലശ്ശേരി

ഉപജില്ല
പാനൂർ

പ്രധാന അധ്യാപിക
മിനിജ കുമാരി എൻ എസ്

പി.ടി.എ പ്രസിഡണ്ട്
കെ.കെ.സുധീർ

എം.പിടിഎ
ഉമ്മുക്കുൽസു

അധികാരപ്പെടുത്തി. അന്ന് 40000 രൂപ പിരിച്ചെടുക്കുകയും ചെയ്തു.

1953 ജൂൺ 23 ന് പാനൂർ ഹൈസ്കൂൾ സ്ഥാപിതമായി. തുടക്കത്തിൽ 4 അധ്യാപകരും ഒരു ശിപായിയുമായിരുന്നു ആകെയുള്ള ജീവനക്കാർ. അപ്പോൾ 250 വിദ്യാർത്ഥികളാണ് സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നത്.



ഒട്ടേറെ പ്രശസ്തരേയും പ്രഗത്ഭരെയും സൃഷ്ടിച്ച ഈ മഹാവിദ്യാലയം കേരളത്തിലെ തന്നെ ഏറ്റവും വലിയ വിദ്യാകേന്ദ്രമായി ഉയരാൻ പിന്നീട് ഏറെ കാത്തിരിക്കേണ്ടി വന്നില്ല. കെകെവേലായുധൻ അടിയോടിയായിരുന്നു ആദ്യത്തെ കറസ്പോണ്ടന്റും മാനേജരും. പിന്നീട് മാനേജരായി ചുമതലയേറ്റ പി.ആർ.കുറുപ്പിന്റെ കാലത്താണ് സ്കൂളിന്റെ വികസനപ്രവർത്തനത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാവുന്നത്.

4000 ൽ അധികം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഏറ്റവും വലിയ സ്കൂളുകളിൽ ഒന്നായിരുന്നു 1989 വരെ പാനൂർ ഹൈസ്കൂൾ. ഭരണ സൗകര്യാർത്ഥം ഗവൺമെന്റ് അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 1990 ഒക്ടോബർ 1 ന് പാനൂർ ഹൈസ്കൂൾ, കെകെവി.മെമ്മോറിയൽ പാനൂർ ഹൈസ്കൂൾ എന്നിങ്ങിനെ രണ്ടായി വിഭജിക്കപ്പെട്ടു. വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ കെ.ചന്ദ്രശേഖരനായിരുന്നു സ്കൂൾ വിഭജന തീരുമാനം പ്രഖ്യാപിച്ചതും, പുതുതായി രൂപംകൊണ്ട കെ.കെ.വി.മെമ്മോറിയൽ പാനൂർ ഹൈസ്കൂളിന്റെ ഔപചാരികമായി ഉദ്ഘാടനം നിർവഹിച്ചതും.

18-09-1991 ൽ കേരളത്തിൽ ആദ്യമായി 36 ഹൈസ്കൂളുകളിൽ പ്ലസ് ടു ആരംഭിച്ചപ്പോൾ അതിലൊന്ന് പാനൂർ ഹൈസ്കൂളിൽ അനുവദിക്കാൻ അന്നത്തെ ഗവൺമെന്റ് സന്നദ്ധമായി. 2002 ഡിസംബർ 20 ന് പാനൂർ ഹയർ സെക്കന്ററി സ്കൂൾ പി.ആർ.മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ പാനൂർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. പുനർനാമകരണ പ്രഖ്യാപനം നടത്തിയത് കേരളാ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ നാലകത്ത് സൂപ്പി അവർകളാണ്.

സ്കൂളിന്റെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരുന്നു 2006 നവംബർ 13 തിങ്കളാഴ്ച ബഹു.കെ.പി. മോഹനൻ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ബഹു.കേരളാ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ എം.എ. ബേബി ഏഡ്യൂസാറ്റ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്.

കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസം ഇന്ന് വൻമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. നവീകരിച്ച പാഠ്യപദ്ധതിയും ഏറ്റവും പുതിയ ബോധനരീതികളും പ്രാവർത്തികമാക്കിക്കൊണ്ട് ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കാൻ വിദ്യാഭ്യാസ വകുപ്പും, അധ്യാപകരും, രക്ഷാകർത്താക്കളും സമൂഹവും ഒത്തൊരുമിച്ച് നീങ്ങുന്ന പഠനാനുകൂലമായ ഒരു അന്തരീക്ഷം ഇന്ന് നമ്മുടെ വിദ്യാലയങ്ങളിൽ സംജാതമായിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ സ്ഥാപനത്തിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ പഠനസമയം രാവിലെ 8.30 മുതൽ വൈകുന്നേരം 6 മണി വരെ പുനക്രമീകരിച്ചും ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കിക്കൊണ്ടും പുതിയ ദിശാബോധം കർമ്മപഥത്തിലെത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ രാവിലെ 9 മണിക്ക് തന്നെ അധ്യയനം ആരംഭിക്കുന്നു.

എസ്.എസ്.എൽ.സി .വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും, പി.ടി.എ.യുടെയും സഹകരണത്തോടെ വൈകുന്നേരങ്ങളിൽ ലഘുഭക്ഷണം നൽകുന്ന പരിപാടിയും സ്കൂളിൽ തുടർന്നു വരുന്നുണ്ട്. ഈ പരിശ്രമങ്ങളുടെ ഗുണഫലം എസ്.എസ്.എൽ.സി .പരീക്ഷാ വിജയശതമാനത്തിൽ പ്രതിഫലിച്ചു കാണാം. 2006-2007 അധ്യയന വർഷം കേവലം 3 വിദ്യാർത്ഥികളുടെയും 2007-2008, 2008-2009 എന്നീ വർഷങ്ങളിൽ 2 വിദ്യാർത്ഥികളുടെയും തോൽവി കാരണമാണ് നൂറ് ശതമാനം വിജയം നഷ്ടമായത്.

ശ്രീ ഒ.സി.നവീൻചന്ദ് പ്രസിഡന്റായുള്ള 21 അംഗ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രവർത്തനം സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഏറെ സഹായിച്ചു. സ്കൂളിലെ മൂത്രപ്പുരകളെല്ലാം സിറാമിക് ടൈൽസുകൾ പാകി ആധുനികവൽക്കരിച്ചു. കേരള വ്യാപാരി വ്യവസായി ഏകോപനസമിതി പാനൂർ യൂത്ത് വിംഗ് കമ്മിറ്റിയുടെ സഹായത്തോടെ ശുദ്ധജലം ലഭ്യമാക്കാൻ രണ്ട് വാട്ടർ ഫിൽട്ടറുകൾ സ്ഥാപിച്ചു. സർക്കാർ നിർദ്ദേശമനുസരിച്ച് ആധുനിക രീതിയിലുള്ള പാചക സംവിധാനവും അടുക്കളയും പണികഴിപ്പിച്ചു. സ്കൂൾ ഹാൾ ഫാനുകളും ട്യൂബുകളും സ്ഥാപിച്ച് നവീകരിച്ചു. 10-ാം തരത്തിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി അധ്യായനവർഷത്തിന്റെ ആരംഭത്തിലും പൊതുപരീക്ഷയ്ക്ക് തൊട്ട് മുൻപ് വിദഗ്ദരെ പങ്കെടുപ്പിച്ച് കൗൺസിലിംഗ് ക്ലാസുകളും സംഘടിപ്പിക്കാറുണ്ട്.

പെരിങ്ങളം
നിയോജകമണ്ഡ



# അറിവിന്റെ
# അക്ഷര
# താളുകൾ


# ഒരു ബാംഗ്ലൂർ യാത്ര

Shivanya k
9th A

ഒരു ദിവസം യാദൃച്ഛികമായി ഞങ്ങളെല്ലാവരും കൂടി ഒരു ടൂറിന് പോവാൻ തീരുമാനിച്ചു.ഞാൻ അത് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.അങ്ങനെ ഒരു യാത്ര.ഞങ്ങളെല്ലാവരും ട്രാവലറിലാണ് പോയത്.ഒരു 13 പേരെങ്കിലും ഉണ്ടായിരുന്നു.എല്ലാവരും എനിക്കറിയാവുന്നവർ തന്നെ.പോയത് ബാംഗ്ലൂർ, കർണാടക എന്നീ സ്ഥലങ്ങളിലാണ്.വണ്ടിയിൽ കയറുമ്പോൾ തന്നെ എനിക്ക് നല്ല ആകാംക്ഷയുണ്ടായിരുന്നു.കേരളം കഴിയുന്നതുവരെയും ഞാൻ അതേ ആകാംക്ഷയിലായിരുന്നു.ഞങ്ങൾ ഡാൻസും പാട്ടുമൊക്കെയായി സമയം ചെലവഴിച്ചു.ഞങ്ങൾ യാത്ര പുറപ്പെട്ടത് ഒരു ഉച്ച കഴിഞ്ഞസമയത്താണ്.അതുകൊണ്ട്



പോവുന്നതിനിടയിൽ ഒരു ബീച്ചിൽ പോകാമെന്ന് തീരുമാനിച്ചു.ബീച്ചിൽ നല്ല തിരക്കായിരുന്നു.ധാരാളം ആൾക്കാർ ഐസ്ക്രീമും പട്ടവും തുടങ്ങി ഒരുപാട് സാധനങ്ങൾ വിൽക്കുന്നുണ്ടായിരുന്നു.ഞാൻ




ചെരിപ്പ് അഴിച്ച് മെല്ലെ ബീച്ചിലെ തണുത്ത വെള്ളത്തിൽ കാലുവച്ചു.ഒരമ്മയുടെ മാതൃത്വത്തോടെ കടൽ കരയിലെ ഓരോ മണൽതരിയെയും ആലിംഗനം ചെയ്യുന്നു.ഞാൻ അത് അനുഭവിച്ചറിഞ്ഞു.കുട്ടിക്കാലം മുതൽ കേട്ടിരുന്നു കടലമ്മ കള്ളി എന്ന് മണലിൽ എഴുതിയാൽ കടൽ അത് മായ്ച്ചുകളയും എന്ന്.അതൊന്ന് പരീക്ഷിക്കാൻ ഞാൻ തീരുമാനിച്ചു.കടലിൽ നിന്ന് ഒരുപാട് ദൂരെ ആയതുകൊണ്ടാവണം എന്റെ ശരിയായില്ല.എനിക്ക് ചെറിയ വിഷമമായി.നേരം സന്ധ്യ ആവാറായി.സൂര്യൻ മെല്ലെ മെല്ലെ കടലിൽ താണുകൊണ്ടിരുന്നു.ആ അസ്തമയ സൂര്യന്റെ ചിത്രം ഞങ്ങൾ ഫോണിൽ പകർത്തി.കടൽ സൂര്യനെ വിഴുങ്ങിയോ എന്ന് പോലും ഞാൻ

സംശയിച്ചുപോയി....ചുവന്ന പട്ടുടുത്ത സൂര്യനെ കാണാൻ നല്ല ഭംഗി ഉണ്ടായിരുന്നു.അതിനിടയ്ക്ക് ഒരു പട്ടം പറത്തിയിരുന്നു.പട്ടം പറത്തി ശീലമില്ലാത്തതുകൊണ്ട് പട്ടം ഇടയ്ക്ക് പൊട്ടിപ്പോയി.അത് ആകാശത്തേക്ക് പറന്ന് പോകുന്നത് നോക്കിയിരിക്കാൻ നല്ല രസമായിരുന്നു.നേരം ഒരുപാട് വൈകിയിരുന്നു.ഞങ്ങൾ ഡ്രസ്സൊക്കെ മാറ്റി തിരിച്ച് വണ്ടിയിൽ കയറി.സമയം ഏകദേശം ഒരു ൯:30 ആയിക്കാണും.ഇതിനിടയ്ക്ക് ഭക്ഷണം ഒക്കെ കഴിച്ചിരുന്നു.എനിക്കിഷ്ടപ്പെട്ട ബിരിയാണിയാണ് കഴിച്ചത്.ഞങ്ങൾ വളരെ ക്ഷീണിച്ചതിനാൽ പെട്ടന്ന് ഉറങ്ങിപ്പോയി.രാവിലെ ആയപ്പോഴേക്കും ഞങ്ങൾ അവിടെ എത്തിയിരുന്നു.എത്തുമ്പോഴേക്കും 5:00 ആയിരുന്നു.ഉറക്കക്ഷീണം നന്നായിട്ടുണ്ടായിരുന്നു.അതുകൊണ്ട് ഞങ്ങൾ എല്ലാവരും മുൻപേ തീരുമാനിച്ചതുപോലെ ഒരു





ഹോട്ടലിൽ ഓരോ റൂമെടുത്ത് അവിടെ തങ്ങി.എല്ലാവരും റെഡിയായി വരുമ്പോഴേക്ക് 9:00 മണിയായിരുന്നു.ഭക്ഷണമൊക്കെ കഴിച്ച് പോകാനുള്ള സ്ഥലങ്ങൾ പ്ലാൻ ചെയ്യാൻ തുടങ്ങി.ഒന്നാമതായി ഞങ്ങൾ പോയത് ചർച്ചിൽ ആയിരുന്നു.ഞാൻ ആദ്യമായിട്ടായിരുന്നു ഒരു കൃസ്ത്യൻ പള്ളി കാണുന്നത്.പുറമെ നിന്നു നോക്കിയാൽ അതിവിശാലമായ ഒരു പള്ളിയാണത്.അകത്തേക്ക് കയറിയപ്പോൾ തന്നെ ഒരുപാട് പുരാവസ്തുക്കൾ കണ്ടു.അവിടെ ഉണ്ടായിരുന്ന ഒരു ഗൈഡ് (അവിടുത്തെ സൂക്ഷിപ്പുകാരനായിരിക്കാം) ഞങ്ങളെ കൂട്ടികൊണ്ട്




പോയത് ഒരപൂർവമായ കിണറിനരികിലായിരുന്നു.വളരെ വലുതും വായ്ഭാഗം ഇരുമ്പഴികൾ കൊണ്ട്മൂടിയതുമായിരുന്നു ആ കിണർ..

ആ കിണറിൽ നാണയങ്ങൾ നിക്ഷേപിച്ചാൽ ആഗ്രഹങ്ങൾ സഫലമാകും എന്നതായിരുന്നു അവരുടെ വിശ്വാസം.അതിനുശേഷം ഒരുപാട് മൃഗങ്ങളുള്ള zoo-ലും അമ്യൂസ്മെന്റ് പാർക്കിലും ഒക്കെ പോയി ആ ദിവസം ഞങ്ങൾ അടിച്ചുപൊളിച്ചു.അടുത്ത ദിവസം രാവിലെ തന്നെ ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് യാത്ര പുറപ്പെട്ടു.ഒരു ദിവസത്തെ യാത്രയാണെങ്കിലും ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളാണ് ആ യാത്ര എനിക്ക് സമ്മാനിച്ചത്. എന്റെ ഏറ്റവും മികച്ച യാത്രാനുഭവങ്ങളിൽ ഒന്നായി ഞാൻ ഈ അനുഭവം സൂക്ഷിച്ച് വയ്ക്കും...

എന്നേക്കുമായി...


# അണഞ്ഞുപോയ നിറദീപം

എഴുതിയത്-ദേവനന്ദ പി.വി



ജനലഴികളിൽ
കൈച്ചേർത്ത് പുറത്തെ
കാഴ്ച്ചകളിലേക്ക്
കണ്ണുംനട്ടിരിക്കുമ്പോൾ ആ
അമ്മ മനസ്സും
ശൂന്യമായിരുന്നു.കഴിഞ്ഞുപോയ
കാലത്തെ ഓർമ്മകളിലേക്ക്
മനസ്സ് വീണ്ടും
മടങ്ങാനൊരുങ്ങിയപ്പൊൾ
അവരുടെ ഹ്രദയം തീ പോലെ
പോള്ളി .എന്തൊക്കെയാണ്
തന്റെ ജീവിതത്തിൽ സംഭവിച്ചത്?
ആ സന്തോഷകരമായ ജീവിതം
തന്നതിന് ഭഗവാനോട് ഒത്തിരി
നന്ദി പറഞ്ഞിട്ടുണ്ട് .എന്നിട്ടും
എന്തിനാണാ ജീവിതത്തിൽ
കരിനിഴൽ വീഴ്ത്തിയത്?എത്ര
ചിന്തിച്ചിട്ടും അതിന്റെ ഉത്തരം
അവർക്ക് ലഭിച്ചില്ല.

ഇതിനെ കൊണ്ട് ഒരു സ്വൈര്യവും ഇല്ലല്ലോ........
ദേ തള്ളേ, അടങ്ങിയൊതുങ്ങി അവിടെയെങ്ങാനും കെടക്ക്,അല്ലേ, വല്ല അനാഥാലയത്തിലും പോയ്ക്കോ,മനുഷ്യന്റെ സമാധാനം കളയാൻ ഓരോരോരോ ശല്യങ്ങൾ.........
മരുമകളുടെ ശാപവാക്കുകളാണ് ആ അമ്മയെ സ്വബോധത്തിലേക്ക് എത്തിച്ചത്.പെയ്യാൻ വെമ്പി നിൽക്കുന്ന കണ്ണുകളെ അവർ ശ്രമപ്പെട്ട് അടക്കി നിർത്തി.പതിയെ കിടക്കയിലേക്കിരിക്കുമ്പോഴും ഓർമ്മകൾ മായാതെ,ആ പഴയ തെളിമയോടെ തന്നെ മനസ്സിൽ നിറഞ്ഞു.
ഇന്ദൂ,ഒരു ഗ്ലാസ് വെള്ളം ഇങ്ങെടുത്തെ,............
എന്നും പറഞ്ഞ് കൃഷിസ്ഥലത്തു നിന്ന് വീട്ടിലേക്ക് വരുന്ന തന്റെ ഭർത്താവിന്റെ മുഖം മനസ്സിൽ മിഴിവോടെ നിറഞ്ഞപ്പോൾ വിഷാദം നിറഞ്ഞ അമ്മയുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി കൈ വന്നു.ഒരു കൃഷിക്കാരനായിരുന്നു അദ്ദേഹം.'ശങ്കരൻ' എന്നായിരുന്നു പേര്.വളരെ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നതെങ്കിലും 5വർഷം കഴിഞ്ഞിട്ടും ഒരു കുഞ്ഞുണ്ടാകാത്തത് അവരെ വല്ലാതെ വിഷമിപ്പിച്ചു. വേദനകൾക്കൊടുവിൽ അവർക്കും ആ സന്തോഷം ലഭിച്ചു.കുറേ നാളത്തെ പ്രാർത്ഥനകൾക്കും വഴിപാടുകൾക്കും ഒടുവിൽ ആ വീട്ടിലും ഒരുണ്ണി പിറന്നു.'വൈകി വന്ന വസന്തം'പോലെയായതിനാൽ എല്ലാവരും അവനെ താഴത്തും തലയിലും വയ്ക്കാതെ എല്ലാ സ്നേഹപരിലാളനകളോടെയും വളർത്തി.അവനായിരുന്നു അവരുടെ എല്ലാം.അവന്റെ ഇഷ്ടപ്രകാരം തന്നെ പഠിപ്പിക്കുകയും,അധ്യപകനാകാൻ വേണ്ടി എറണാകുളം വരെ നിൽക്കാൻ അനുവദിക്കുകയും ചെയ്തു.ഒരു ദിവസം രാവിലെ അവന് ജോലികിട്ടിയെന്ന സന്തോഷ വാർത്ത ആ അച്ഛനമ്മമാരെ തേടിയെത്തി.അവൻ വീട്ടിലേക്ക് തിരിച്ചുവരുന്നതും കാത്ത് അവർ ഇരുന്നു.പക്ഷ,അവരുടെ പ്രതീക്ഷകളെല്ലാം തിരുത്തികൊണ്ട് ഒരു പെണ്ണിനെയും കീട്ടിയാണ് അവൻ എത്തിയത്.ആദ്യം അച്ഛൻ അത് അംഗീകരിച്ചിലെങ്കിലും അവനോടുള്ള അമിതമായ സ്നേഹത്താൽ അവർക്ക് അത് സമ്മതികേണ്ടി വന്നു.ആദ്യമൊക്കെ വളരെ സ്നേഹത്തോടുകൂടിയാണ് കടന്നുപോയത് എങ്കിലും പെട്ടന്നൊരു ദിവസം കൊണ്ട് എല്ലാം മാറിമറഞ്ഞു.ആ ഓർമകളിലേക്ക് മനസ്സ് സഞ്ചരിച്ചപ്പോൾ അടക്കിപ്പിടിച്ച കണ്ണുനീർച്ചാലുകൾ ആ അമ്മ



കവിളിലൂടെ ഒഴുകിയിറങ്ങി. അന്നത്തെ ആ ദിവസം ആണ് അവരെു ജീവിതമാകെ മാറ്റിമറിച്ചത്.അന്ന് രാത്രി ഒരു ജഗ്ഗിൽ വെള്ളവുമെടുത്ത് മുറിയിലേക്ക് എത്തിയതായിരുന്നു അമ്മ.മുറിയിൽ ചെന്നപ്പോൾ കണ്ട കാഴ്ച്ച അവരെ നടുക്കാൻ പാകത്തിനുള്ളതായിരുനന്നു.നെഞ്ചുവേദന കൊണ്ട് പിടയുന്ന അച്ഛന്റെ മുകം ഒരു നോക്ക് മാത്രമേ കണ്ടുള്ളൂ.കയ്യിലുള്ള ജഗ്ഗ് വലിയെരു ശബ്ദത്തോടെ വീണുടഞ്ഞു.എങ്ങനെയാണ് മകനെ വിളിച്ചുവരുത്തിയതെന്നറിയില്ല,അത്രയ്ക്കു തകർന്നു പോയിരുന്നു ആ അമ്മ.മരണത്തെ നേർക്കുനേർ കാണുന്ന ആ അവസാനനിമിഷത്തിലും അച്ഛൻ മകനോട് പറഞ്ഞത് 'അമ്മയെ തനിച്ചാകരുത് ' എന്നാണ്.എന്നിട്ടിപ്പൊഴൊ?അവർ സ്വയം നിന്ദിച്ചു കൊണ്ട് ഒന്ന് നിശ്വസിച്ചു.തന്റെ കണ്ണുകൾ അമർത്തിത്തുടച്ച് അവർ കിടക്കയിൽ നിന്നെഴുന്നേറ്റു.അപ്പോൾ ആ കണ്ണുകളിൽ കനലായിരുന്നു,നിശ്ചയദാർഢ്യത്തിന്റെ കനൽ.....

ഉച്ചയായിട്ടും അമ്മയെ പുറത്തുകാണാഞ്ഞപ്പോൾ മകന് ഒരു വല്ലായ്മതോന്നി.ഭാര്യയോട് ചോദിച്ചപ്പോൾ അവളത് ഗൗനിച്ചില്ല.ചോറിയൊരു ആധിയോടെ അവൻ അമ്മയുടെ മുറിയില്ലേക്ക് പോയി.അവിടം ശൂന്യമായിരുന്നു.അമ്മ അവിടെയെയെങ്ങും തന്നെയില്ല. പെട്ടന്നാണ് ഒരു കടലാസു കഷണം അവന്റെ ശ്രദ്ധയിൽപ്പെട്ടത്.അത്യധികം ആകാംഷയോടെ അവനത് എടുത്തുനോക്കി.ഒരു എഴുത്തായിരുന്നു അത്.അമ്മയുടെ കൈയ്യക്ഷരം.

"പ്രിയപ്പെട്ട മകനേ,

നീയിത് വായിക്കുമോ

എന്നെനിക്കറിയില്ല.എങ്കിലും ഞാനെഴുതുകയാണ്.എനിക്കറിയാം നിങ്ങൾക്ക് ഞാനൊരു ബാധ്യതയായി മാറിയെന്ന്.അവളത് നേരിട്ട് എന്നോട് പ്രകടിപ്പിച്ചു എന്ന വ്യത്യാസം മാത്രമേ നിങ്ങൾ തമ്മിലുള്ളൂ.അമ്മ പോവുകയാണ്.എങ്ങോട്ടെന്നറിയില്ല,എങ്കിലും.നിങ്ങൾ സുഖമായി ജീവിക്കണം.അമ്മയെ ഇനി അന്വേഷിക്കരുത്."

അമ്മ പോയെന്നോ?.മകനത് വിശ്വസിക്കാൻ കഴിഞ്ഞില്ല.എന്തുകൊണ്ടോ ഇത്തവണ അമ്മയോട് അവർ ചെയ്ത

മോശം പ്രവൃത്തികളൊക്കെയുംഅവന്റെ മനസ്സിൽ ഒരു ചലച്ചിത്രമെന്നോണം തെളിഞ്ഞു."ആ സ്നേഹത്തിന് പകരം കൊടുത്തത് ഇതാണ്".അവന് സ്വയം പുച്ഛം തോന്നി.കണ്ണുകളിൽ കുറ്റബോധത്തിന്റെ നെയ്ത്തിരി തെളിഞ്ഞു.

ഇതേസമയം റോഡരികിൽ ചോരയിൽക്കുളിച്ച് കിടക്കുകയായിരുന്നു അമ്മ. ആളുകൾ ചുറ്റും കൂടി നിന്നിട്ടുണ്ട്.ഒരു ലോറി വന്നിടിച്ചതാണ്.ആരോ ഒരാൾ പതം പറയുന്നത് കേട്ടു.'അണഞ്ഞുപോയ നിറദീപം' റോഡിൽ വീണുകിടക്കുന്ന അമ്മയുടെ ശരീരം മുഴുവൻ രക്തം പരന്നിരുന്നു.എങ്കിലും ആ അമ്മയുടെ മുഖത്ത് ഒരു പുഞ്ചിരി തെളിഞ്ഞിരുന്നു,ആത്മസംതൃപ്തിയുടെ പുഞ്ചിരി........





തയ്യാറാക്കിയത്-
അലെന വിനു പി.പി



# നോവുന്ന ഓർമ്മകൾ

എഴുതിയത്-

ദേവനന്ദ പി.വി

അന്ന് അമ്മ പതിവിലും നേരത്തെ ഉണർന്നു.എന്നും അമ്മ ഉണരുമ്പോൾ തന്നെ അമ്മുവിനെയും വിളിക്കും.പിന്നെ പിന്നെ അമ്മയുടെ കൂടെ തന്നെ അവളും ഉണരും.ഇന്ന് അമ്മ അവളെ വിളിച്ചില്ല. പക്ഷെ,അമ്മ എഴുന്നേറ്റത് അവളറിഞ്ഞു.തന്റെ ഉറക്കച്ചടവുള്ള പീള കെട്ടിയ കണ്ണുകൾ കൈ കൊണ്ട് തിരുമ്മി അവൾ ഒരുവിധം തുറന്നു.

കണ്ണുതുറന്നപ്പോൾ ആദ്യം കണ്ടത് അമ്മയെ ആണ്. എന്തോ,അച്ഛൻ മരിച്ചത് മുതൽ മ്ലാനമായ ആ മുഖം ഇന്ന് പ്രകാശപൂരിതമായിരുന്നു.അമ്മുവിന്റെ മനസ്സ് ആനന്ദപുളകിതമായി.അവൾ ചാടി എഴുന്നേറ്റ് അമ്മയോട് ചോദിച്ചു.

അമ്മേ ഇന്ന് എന്താ വിശേഷം?അമ്മ ഇന്ന് വളരെയധികം സന്തോഷവതി ആണല്ലോ.

മോളെഴുന്നേറ്റോ,ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത മോള് മറന്നുപോയോ ഇന്നെന്റെ അമ്മുകുട്ടീടെ പിറന്നാളാ.........അതുകേട്ടപ്പോൾ  അമ്മുവിന്റെ സന്തോഷം വർദ്ധിച്ചു.അവർ രണ്ടുപേരും അമ്പലത്തിൽ പോയി വന്നു. അമ്മ പറഞ്ഞു:മോളെ,അമ്മ പോയി മോൾക്ക് പിറന്നാൾ കോടിയും കേക്കുമൊക്കെ വാങ്ങി വരാം.വിശക്കുമ്പോൾ ചോറ് എടുത്ത് കഴിക്കണേ.അമ്മ വൈകുന്നേരം ആകുമ്പോഴേക്കും ഇങ്ങെത്തും.അങ്ങനെ അമ്മു വൈകുന്നേരം ആകാൻ കാത്തിരുന്നു.ഉച്ചയ്ക്ക് മൂന്നു മണിയായി.അവൾ അമ്മയെ കാത്തിരിക്കുകയാണ്.നോക്കുമ്പോൾ കുറെ ആളുകൾ വഴിയിലൂടെ എവിടേക്കോ ധൃതിയിൽ ഓടുകയാണ്.അപ്പുറത്തെ വീട്ടിലെ ചേച്ചിയോട് അവൾ

വിവരം തിരക്കി. അവരുടെ കണ്ണുകളൊക്കെ കരഞ്ഞുകലങ്ങിയിരുന്നു.അവർ കരഞ്ഞുകൊണ്ട് പറഞ്ഞു.മൊ,മോളുടെ അമ്മ ഒരു ആക്സിഡന്റിൽ ഇന്ന് ഉച്ചയ്ക്ക് മരിച്ചു. അയ്യോ ഇല്ല,അമ്മ എനിക്ക് ഉടുപ്പ് വാങ്ങാൻ പോയതാ. ഇപ്പൊ വരും.ആ കുഞ്ഞിന് സത്യം ഉൾക്കൊള്ളാൻ ആയില്ല. അവൾ വീണ്ടും അമ്മയെ കാത്തിരുന്നു. സന്ധ്യാസമയം,ചുവന്നുതുടുത്ത സൂര്യൻ എന്തോ പറഞ്ഞുകൊണ്ട് കടലിലേക്ക് മുങ്ങിത്താണു.

"ഇരുളിന്റെ നടുവിലുള്ള നേരിയ നിലാവെളിച്ചം നോക്കി ഒരിക്കലും വരില്ലെന്നറിയാതെ അവൾ അമ്മയെ കാത്തിരുന്നു..."

തയ്യാറാക്കിയത്-



അഷിക മോഹൻ

# ഒരച്ഛന്റെ നൊമ്പരങ്ങൾ



[illegible] ലത്തിലൂടെ ട്രെയിൻ പോവുകയായിരുന്നു. തൊട്ടടുത്ത സ്റ്റേഷനിൽ നിന്ന് ഒരച്ഛനും മകനും കയറി.ആ കുട്ടിക്ക എന്തെന്നില്ലാത്ത സന്തോഷം.
അവന്റെ അച്ഛനും അവന്റെ സന്തോഷത്തിൽ പങ്കുചേർന്നു.ട്രെയിൻ പുഴയും പാലങ്ങളും കടന്ന് പച്ചപ്പ് മാത്രമായുള്ള പ്രദേശത്ത് കൂടി പോവുകയായിരുന്നു. ആ കംപാർട്ടമെന്റിലെ ആളുകൾ ആ കുട്ടിയെ തന്നെ നോക്കിയിരിക്കുകയായിരുന്നു. അവൻ മഴയും പുഴയും മരങ്ങളും ചെടികളും പൂക്കളും എല്ലാം കാണുമ്പോൾ കൈകൊട്ടി ചിരിചിച്ചുകൊണ്ട് അതും നോക്കി നിൽക്കും. മറ്റ് യാത്രക്കാർ ഇതുകണ്ട് പരിഹസിക്കുകയായിരുന്നു.ചിലർ 'ആ കുട്ടിക്ക് ഭ്രാന്താണെന്ന് 'പറഞ്ഞു. 'ഈ കുട്ടി മന്ദബുദ്ധിയാണ് ' എന്ന് മറ്റ ചിലരും.

ഇതെല്ലാം കേട്ട് ഒരു മൂലയ്ക്കിരിക്കുകയായിരുന്നു ആ അച്ഛൻ. മറ്റ് യാത്രക്കാർ വീണ്ടും വീണ്ടും തന്റെ മകനെ കുറിച്ച് പറഞ്ഞപ്പോൾ നിയന്ത്രണം വിട്ട് ആ ആ പാവം പറഞ്ഞു. “എന്റെ മകൻ മന്ദബുദ്ധിയും ഭ്രാന്തനും പൊട്ടനുമൊന്നുമല്ല.അവൻ ജന്മനാ അന്ധനായിരുന്നു.അവന്റെ കണ്ണിന്റെ ഓപ്പറേഷൻ കഴിഞ്ഞിട്ടുവരികയാണ് ഞങ്ങൾ. ഇത്രയും കാലം വെറും ഇരുട്ടു മാത്രം കണ്ട അവൻ...പല നിറങ്ങൾ കണ്ടപ്പോൾ അവന് സന്തോഷമായി.അവൻ അത്രയും കാലം അനുഭവിച്ച വേദന ആർക്കും മനസ്സിലാകില്ല". ആ അച്ഛൻ കണ്ണുകൾ തുടച്ച് തന്റെ മകന്റെ സന്തോഷത്തിൽ പങ്കുചേരുകയായിരുന്നു. അവിടെ ഉള്ള മറ്റു യാത്രക്കാർ നിശബ്ദരായി.പലരും കണ്ണുകൾ തുടച്ച് ആ കുരുന്നിനെ നോക്കിയിരിക്കുകയായിരുന്നു.തന്റെ മനസ്സിലെ വേദനകൾ മനസ്സിലൊതുക്കി ആരോടും പരിഭവം പറയാതെ ആ കുരുന്നിന്റെ സന്തോഷത്തിൽ പങ്കുചേരുകയായിരുന്നു.



**സൻഹ ഫാത്തിമ നൗഷാദ്**
**IX F**

# സ്റ്റീഫൻ ഹോക്കിങ്-അതിജീവനത്തിന്റെ അത്ഭുതപ്രതിഭാസം

----------------------------------------------------------------

മനുഷ്യന്റെ ബുദ്ധിയിലും ശാസ്ത്രത്തിലും ഒരുപോലെ പ്രതീക്ഷയർപ്പിച്ച ലോകം കണ്ട പ്രതിഭാശാലികളായ ശാസ്ത്രജ്ഞരിൽ ഒരാൾ - സ്റ്റീഫൻ ഹോക്കിങ്.ജീവിതം പോരാട്ടമാക്കി അതിജീവനം മാതൃകയാക്കി ലോകത്തെത്തന്നെ അത്ഭുതപ്പെടുത്തിയ വ്യക്തിത്വം.നാഡീഞരമ്പുകളെ മാരക രോഗം ബാധിച്ച് ,വെറും 2 വർഷം മാത്രം വൈദ്യശാസ്ത്രം ആയുസ്സ് വിധിച്ചതിനുശേഷവും 56 വർഷം ജീവിച്ച് കാണിച്ച ഇച്ഛാശക്തിയുടെ പ്രതീകം - സ്റ്റീഫൻ ഹോക്കിങ്. 1942 ൽ ഇംഗ്ലണ്ടിൽ ജനിച്ച അദ്ദേഹം കുട്ടിക്കാലം മുതൽ ശാസ്ത്രത്തിലും ഗണിതത്തിലും മികച്ചുനിന്നിരുന്നു.21ാം വയസ്സിൽ അറിഞ്ഞ രോഗവിവരം അദ്ദേഹത്തെ ഒട്ടും തന്നെ തളർത്തിയില്ല;പകരം കൂടുതൽ പഠനത്തിലും ഗവേഷണത്തിലും മുഴുകി.പ്രപഞ്ചസൃഷ്ടിയുടെ രഹസ്യം അദ്ദേഹത്തെ കൂടുതൽ പ്രചോദിപ്പിച്ചു.നക്ഷത്രങ്ങളെയും തമോഗർത്തങ്ങളെയും കുറിച്ച് അദ്ദേഹം പഠനം നടത്തി.1974ൽ ശാസ്ത്രലോകത്തെ വിസ്മയിപ്പിച്ച കണ്ടെത്തൽ നടത്തി.അതുവരെ കരുതിയതുപോലെ തമോഗർത്തങ്ങൾ വെറും ശൂന്യതയല്ലെന്നും തകർന്നുകൊണ്ടിരിക്കുന്ന നക്ഷത്രത്തിന്റെ ഗുരുത്വാകർഷണബലത്തിൽ നിന്ന് വികിരണത്തിന്റെ രൂപത്തിൽ ദ്രവ്യത്തിന് പുറത്തുകടക്കാനാവുമെന്ന് അദ്ദേഹം വിശദീകരിച്ചു.1985 ആയപ്പോഴേക്കും ശബ്ദം തീരെയില്ലാതായി.തലകൊണ്ടോ കണ്ണുകൊണ്ടോ നിയന്ത്രിക്കാവുന്ന




കമ്പ്യൂട്ടർ പ്രോഗ്രാമിംഗിലൂടെയായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ സംവേദനങ്ങൾ.അവസാനകാലത്ത് കവിളിലെ മസിലുകളുമായി ബന്ധിപ്പിച്ച സെൻസറുകൾ കൊണ്ടാണ് എഴുതുകയും ആശയവിനിമയം നടത്തുകയും ചെയ്തത്.1988ൽ പ്രസിദ്ധീകരിച്ച 'ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം'ലോകവ്യാപകമായി അംഗീകാരം നേടി.എഡിറ്റിംഗിലൂടെ സൂപ്പർ ഹ്യൂമൻ നിർമിക്കപ്പെടുന്ന കാലം വരുമെന്ന് പ്രവചിച്ച അദ്ദേഹം ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഭയത്തോടെയാണ് വീക്ഷിച്ചിരുന്നത്.2018 മാർച്ചിൽ 'അതിജീവനത്തിന്റെ അത്ഭുതപ്രതിഭാസം- സ്റ്റീഫൻ ഹോക്കിങ്'ഈ ലോകത്തോട് വിട പറഞ്ഞു.



മാളവിക.കെ.പി.

IX .A

# താരാട്ട് മറക്കുന്ന
# പുതുനാമ്പുകൾ.....



നാം മറക്കുന്ന ലോകം

കഴിഞ്ഞതൊക്കെയും നീ
ഓർക്കുന്നുവോ..

പുതുതലമുറയിൽ ഒക്കെയും

പല പല മാരകങ്ങൾ വന്നു

നിൽക്കേ ..
ഓർക്കുന്നു ഞാൻ ആ
പഴയകാലം

നിരാശതൻ ദുഃഖത്തിലായി...

പഴയകാല മഹിമകളൊക്കെയും

ഇന്ന് ഇതൊന്നും കാണവേ ഇല്ല
ആ കാലമാണ് കാലം

ഓർമതൻ സ്പന്ദങ്ങൾ

നിഞ്ഞുനിൽക്കേ
ഓർക്കുന്നു ഞാൻ ആ പഴയകാലം

ഇന്നിതാ ചെറുപ്പക്കാർ ജീവിക്കുന്നു

പലതരം ലഹരികൾക്കടിമയായി
മനുഷ്യ മനസ്സുകൾ ക്രൂരമാകുന്നു

കൊന്നു തള്ളുന്നതിനതിരുകളില്ലാ
ഓർക്കുന്നു ഞാൻ ആ പഴയ കാലം

നിരാശതൻ ദുഃഖത്തിലായ്



നിയ എസ് മനു
IX A

# <u>മരത്തിന്റെ ലീലകൾ</u>

ഈ ശാഖയിൽ ഒരായിരം
കിളികളുടെ വാസമെൻ
ദേവനായി മാറും ഞാൻ

എന്റെ ഫലത്താൽ ദന്യമാക്കുമി
ദേവിദേവന്മാർ ഈ
ലോകത്തിൽ സ്വർഗം

ജിവിതം മണ്ണിന്റെ വേരിൽ
അടിയുറച്ചിരിക്കുന്നവിൻ
ഈ ഫലഫുഷ്ട മണിൽ

വായുവിൻ ജിവൻ ഞാൻ
ചില്ല ഔഷധങ്ങളുടെ വൈധന്യൻ
ഞാനാണെ......

യാത്രികരുടെ തണലാക്കുന്ന
ഈ ചുവട്ടിൽ,പണിയുവീൻ
വീടുകൾ തൻ കൊബുകൾ കൊണ്ട്
എല്ലാ വീടുകളിലെയും ഐശ്വര്യം താൻ തന്നെ





ANUDIYA.M

# എന്തിന് ?!

ചെറുപ്പക്കാരൻ അയാളെ നോക്കി.കൂസലില്ലാതെ അയാൾ ചുവരിൽ തൂക്കിയിട്ട ചിത്രങ്ങൾ നിരീക്ഷിക്കുന്നു.ഉമ്മ ഇപ്പൊൾ താൻ എന്താണ് വൈകിയതെന്ന് പേടിച്ചിരിക്കാവും.അവൻ കണ്ണ് തുടച്ചു.ഉപ്പ മരണപ്പെട്ടതിന് ശേഷം ചെറുപ്പക്കാരനെയും അനിയത്തിമാരെയും കഷ്ട്പ്പെട്ട് വളർത്തിയത് ഉമ്മയാണ്. ഉമ്മയെ സഹായിക്കാനാണ് ചെറുപ്പക്കാരൻ 10ാം ക്ലാസ്സിൽ വെച്ച് പഠനം നിർത്തിയതും.എന്നിട്ടിപ്പോൾ അവൻ എത്ര ജോലികൾ ചെയ്തിരിക്കുന്നു.കിട്ടുന്ന ശമ്പളം ഉമ്മാക്ക് കൊണ്ട് കൊടുക്കും.കഴിഞ്ഞയാഴ്ച്ചയാണ്  കരിമ്പിൻ ജ്യൂസ് കച്ചവടം സ്വയം തുടങ്ങിയത്.കാര്യമായ വരുമാനമൊന്നുമുണ്ടായില്ല. എന്നാൽ ഇപ്പോൾ,ഇപ്പോളവൻ പോലീസ് സ്റ്റേഷനിലിരിക്കുകയാണ്.വെള്ള കുർത്ത ധരിച്ച് തൊപ്പി വെച്ച ഒരു താടിക്കാരനൊപ്പം.കുറച്ച് മുമ്പാണവൻ താടിക്കാരനെ കാണുന്നത്.മണിക്കൂറുകൾക്ക് മുമ്പ്.ബാക്കിയുള്ള ജ്യൂസ് ഒരു ജഗ്ഗിലൊഴിച്ച് കാശെണ്ണുമ്പോഴാണ് താടിക്കാരൻ ഓടിക്കിതച്ച് കൊണ്ട് കടയിലെത്തുന്നത്.ഒരക്ഷരം മിണ്ടാതെ അയാൾ ടേബിളിൽ കിടന്നിരുന്ന ജ്യൂസ് തിടുക്കത്തിൽ അകത്താക്കി.കയർക്കാൻ തുടങ്ങുമ്പോഴാണ് മറ്റു ചിലർ അയാളുടെ പിറകിൽ ഓടിയെത്തിയത്;പോലീസ് !ഞെട്ടൽ മാറാതെ ചെറുപ്പക്കാരൻ നോക്കിനിൽക്കുമ്പോൾ അവരൊരു ചോദ്യം "ഇവനാരാടാ!?" താടിക്കാരൻ മിണ്ടാതെ നിന്നു. “പുതിയതായി ചേർന്നതായിരിക്കും ല്ലേ? വാടാ,വണ്ടീ കേറ് " പിന്നെ, സ്റ്റേഷനിൽ കൊണ്ടുവന്ന് ഇരുത്തിക്കുന്നു."ഇതെന്ത് കഥ?"ചെറുപ്പക്കാരൻ നെടുവർപ്പിട്ടു."അള്ളാഹ് !"അവൻ നെടുവീർപ്പിട്ടു.താടിക്കാരൻ അവനെ ഒന്ന് നോക്കി.എന്നിട്ട് ഒട്ട് ഗൗരവത്തോടെ പറഞ്ഞു.എന്തിനാ ഇവിട കൊണ്ട്യോന്നേന്ന് വിചാരിക്കാവും ല്ലേ? ന്റെ കൂടെ കണ്ടത് കൊണ്ടാവണം. 2 കൊല്ലം മുമ്പ് ഞാനും അപ്പർത്തെ മൊയ്തൂം സംസാരിക്കുമ്പം പോലീസ് മൊയ്തൂന പിടിക്കാൻ വന്നതാ.അവൻ ഏതെല്ലോ സംഘടനയായിട്ടൊക്കെ ബന്ധമുണ്ടായിരുന്നു പോലും.കൂടെ എന്നെയും കൂട്ടി.ഞാനും അതിന്റെ ആളാ പോലും.2 മാസം മുമ്പാണ് പുറത്തിറങ്ങിയത്.ഇപ്പം വീണ്ടും...” അയാളുടെ ശബ്ദം ഇടറി."ഈ താടി കണ്ടോ?ഇത് പോലൊരെണ്ണം വെച്ച് നടന്നാൽ മതി.പിന്നെ പോലീസുകാർ

മാവോവാദികളുമായിട്ടോ,തീവ്രവാദ
ികളായിട്ടോ ഒക്കെ ബന്ധമുണ്ടെന്ന്
പറഞ്ഞ് അകത്തിടും."അയാൾ
തന്റെ നീണ്ട താടിയിലൂടെ
കൈയോടിച്ചു.എന്നിട്ട്
ചിന്തയിലാണ്ട് കൊണ്ട് പറഞ്ഞു
"ഭാര്യക്കും മക്കൾക്കും ഇപ്പോ
എന്നെ
പേടിയാണ്.വെറുപ്പാണ്.ഈ
ക്രൂരത എന്തിനാണെന്ന് എനിക്ക്
ക്രൂടി അറീല്ല" അയാൾ കണ്ണീർ
തുടച്ചു.സഹതാപത്തോടെ
അയാളെ നോക്കിയിട്ട്
ചെറുപ്പക്കാരൻ മന്ത്രിച്ചു
"എനിക്കും!".

തയ്യാറാക്കിയത്:-



**ഫാത്തിമ റഫ**

# ലിംഗസമത്വം

ഹൃത്തിക്ക് കനകരാജ്

ആധുനികാനന്തര സാംസ്കാരിക പരിസരങ്ങളിൽ ഏറെ ഗൗരവത്തോടെ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിലൊന്നാണ് ലിംഗസമത്വം. സ്ത്രീ-പുരുഷ സംതുലിതമായ,സമഭാവനയുള്ള സമൂഹം നാം എന്നും വിഭാവനം ചെയ്തിരുന്നു.
19-ാം നൂറ്റാണ്ടു മുതലേ സമത്വാശയങ്ങൾ പ്രചരിക്കാൻ തുടങ്ങിയിരുന്നു എങ്കിലും,
അതിന് ഒരു ഏകീകൃതരൂപം കൈവരുന്നത് പിൽകാലത്താണ്. സമൂഹത്തിന്റെ ഉത്പാദന വ്യവസ്ഥയിലും അധികാരനിർമ്മിതിയിലും സ്ത്രീക്ക് പുരുഷനോളം തന്നെ അവകാശമുണ്ടെന്ന ബോധ്യമാണ് ലിംഗസമത്വാശയങ്ങളുടെ കാതൽ. തുല്യത കൈവരിക്കാനായുള്ള സ്ത്രീ സമൂഹത്തിന്റെ പോരാട്ടങ്ങൾക്കും നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്.

വികസിത സമൂഹത്തിന്റെ നിലനിൽപ്പിന് സ്ത്രീ-പുരുഷ സമത കൈവരിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് സാമൂഹികമായും സാംസ്കാരികമായും ഏറെ പ്രധിരോധങ്ങൾ നമ്മുക്കു മുന്നിലുണ്ട്. സമകാലിക സമൂഹത്തിലെ സ്ത്രീയവസ്ഥ വിശകലനം ചെയ്യുമ്പോൾ സ്ഥിതി ആശാവഹമല്ലെന്ന് മനസ്സിലാക്കാം.

സ്വപ്നങ്ങളിലേക്കുള്ള സ്ത്രീയുടെ അപ്രതിരോധമായ യാത്രയിൽ പല ഘടകങ്ങളും തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ത്രീ സുരക്ഷയെപ്പറ്റിയുള്ള വെല്ലുവിളികളാണ് അതിലൊന്ന്

സാംസ്കാരികമായി ഔന്നത്യം കൈവരിച്ചെന്ന് അവകാശപ്പെടുമ്പോഴും സ്ത്രീസുരക്ഷ ഇന്നും സമൂഹത്തിലൊരു ചോദ്യചിഹ്നമാവുന്നു. സ്ത്രീകൾ ശാരീരികവും മാനസികവുമയ ചൂഷണത്തിന് വിധേയരാവുന്ന വാർത്തകൾ അനുദിനം പ്രത്യക്ഷപ്പെടുന്നു .ആൺകോയ്മ സമൂഹത്തിന്റെ

അധികാരവാഞ്ഛയാണ് മറ്റൊരുതരത്തിൽ സ്ത്രീസുരക്ഷയിൽ വെല്ലുവിളി സൃഷ്ടിക്കുന്നത്. ശാരീരികമാനസികാവശ്യങ്ങൾക്കായുള്ള ഉപാധി മാത്രമായി സ്ത്രീ പരിഗണിക്കപ്പെടുമ്പോൾ ; പുരുഷൻ അധികാരസ്ഥാനത്ത് പ്രത്യക്ഷപ്പെടുന്നു.
കഴിഞ്ഞ ദിവസം ആലുവയിൽ അഞ്ചുവയസുകാരി കൊല്ലപ്പെടാൻ ഉണ്ടായ സാഹചര്യം ഏറെ ഭീതിജനിതമാണ്.

തുല്യത എന്ന ആശയം പ്രയോഗതലത്തിൽ ആവർത്തിച്ചാൽ മാത്രമേ സമകാലിക സ്ഥിതിയിൽ മാറ്റം വരൂ. സ്ത്രീയെ ഉപഭോഗ വസ്തുവായി പരിഗണിക്കുന്ന ആൺകോയ്മ സമൂഹത്തിന്റെ അധികാര വ്യവസ്ഥ പൂർണ്ണമായും ഇളകേണ്ടതുണ്ട്. സമഗ്രമായ ലിംഗസമത്വം അനുശീലിക്കുന്ന ഒരു സമൂഹം നമുക്ക് വിഭാവനം ചെയ്യേണ്ടതുണ്ട്.

-------------***-------------




ആകാശത്തിൽ കരിനീല വർണ്ണങ്ങൾ പരന്നു,
കാറ്റിൽ നേർത്ത തണുപ്പ് പെയ്തിറങ്ങി.
മിന്നൽ പിണരുകളാൽ ദൂരം വിളങ്ങി,
മഴയെ കാത്തിരിക്കുന്ന ഹൃദയം പുളകിതമായി.

പെട്ടെന്ന്, ആദ്യത്തെ മഴത്തുള്ളി ഞാൻ ഏറ്റുവാങ്ങി,
ഒരു പുഞ്ചിരി വിടർന്നു, മിഴികളടച്ചു നിന്നു.
തുള്ളികൾ പിന്നെയും പെയ്തിറങ്ങി, താളം പിടിച്ചു,
ഭൂമിയിൽ പതിക്കുന്ന ഓരോ ശബ്ദവും സംഗീതമായി.

നദികളും തോടുകളും ജീവൻ വാങ്ങി,
പച്ചപ്പു നിറഞ്ഞു, പുഷ്പങ്ങൾ വിടർന്നു.
കുഞ്ഞുങ്ങൾ ഓടിനടന്നു, മഴയിൽ കളിച്ചു,
പ്രകൃതി മുഴുവൻ ആഹ്ലാദത്തിൽ ലയിച്ചു.

മഴയെ പാടാം, ഈ ജീവന്റെ ഗാനം,
പ്രണയത്തിന്റെ ഈ നനഞ്ഞ ഭാഷ.
നഷ്ടങ്ങളൊക്കെ കഴുകി കളയുന്ന ഈ ശക്തി,
ഭൂമിയെ പുതുക്കുന്ന ഈ അനുഗ്രഹം.

മഴയെ പാടാം, ഈ ഋതുരാജ്ഞിയെ,
ഈ ഹൃദയത്തിൽ നിറയുന്ന സന്തോഷത്തെ.
കാത്തിരിപ്പിൻ്റെയും ആനന്ദത്തിൻ്റെയും ഈ നാൾ,
മഴയെ പാടാം, ഈ ജീവിതത്തിൻ്റെ ഈണം.



IX A

# മിത്തും റിയലിസവും

ഹൃത്തിക്ക് കനകരാജ്

ജനതയുടെ സാംസ്കാരിക വഴക്കങ്ങളോളം പ്രാക്തതയുള്ള പദമാണ് മിത്ത്.മിത്തും ചരിത്രവും ഐതിഹ്യവും ചേർന്ന് അപനിർമ്മിക്കപ്പെടുന്ന സാമൂഹവ്യവസ്ഥയാണ് ഇന്നിന്റേത്. സൂക്ഷമ മായ അടരുകളിലാണ് ഈ സംജ്ഞകളെ നാം വേർതിരിച്ചു നിർത്തുന്നത്. മാനുഷിക ഭാവനയുടെയും സർഗാത്മകതയുടെ മേച്ചിൽ പുറങ്ങളുടെയും സംയോഗത്തിൽ നിന്നാണ് മിത്തുകൾ ജനിക്കുന്നത് എന്ന് സാമാന്യമായി വിവക്ഷിക്കാം. നിയതമായ ഒരു ഫോക്ക് ഐഡന്റിറ്റിയുടെ ഭാഗമായി നിർമ്മിക്കപെടുന്ന മിത്ത് പിന്നീട് പ്രസ്തുത ഫോക്കിന്റെ സംസ്കാരത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളിലൊന്നായി പരിണമിക്കുന്നു.

ഇന്ത്യൻ സംസ്കാരിക വ്യവസ്ഥയെ നിലനിർത്തുന്ന മിത്തുകൾ മിക്കവയും പുരാണങ്ങളുമായി ബന്ധപ്പെട്ടുണ്ടായവയാണെന്നു കാണാം മതത്തിന്റെ സ്വാധീവും മിത്ത് നിർമ്മിതിയിൽ പ്രേരകമായി വർത്തിക്കുന്നുണ്ട്. പലപ്പോഴും സ്ഥാപിത താൽപങ്ങളെ അരക്കിട്ടുറപ്പിക്കാനും ഇവ പ്രചാരണായുധമായി ഉപയോഗിക്കപ്പെടുന്നു

മലയാളിയുടെ മനസ്സിൽ സ്ഥിതമായ സമഭാവനയെ പറ്റിയുള്ള സങ്കൽപ്പമായ ഓണവും ഒരു മിത്താണ്. എന്നോ നിലനിന്നിരിക്കാൻ സാതൃതയുള്ള ഒരു ആചാരമോ വിശ്വാസമോ മാത്രമാണ് ഓണം എന്ന സങ്കൽപ്പം. എന്നാലത് പിൽക്കാല മിത്തിക്കൽ പദവിയിൽ നിന്നും ആചാരമെന്ന നിലയിലേക്കുയർന്നു കഴിഞ്ഞു.

മിത്തിനെ യാഥാർത്ഥ്യമെന്ന നിലയിൽ പരിഗണിക്കുമ്പോൾ സമകാലിക ഇന്ത്യൻ അവസ്ഥയിൽ അത് പ്രവചനാതീതമായ പ്രത്യാഘാതങ്ങളെ സൃഷ്ടിച്ചേക്കാം. പലപ്പോഴും യാഥാർത്ഥ്യവും മിത്തും എതിർ പദങ്ങളായാണല്ലോ പ്രത്യക്ഷപ്പെടുന്നത് . വസ്തുക്കളെ തമസ്കരിച്ച് സാങ്കൽപികതയുടെ ചായ്‌വുള്ള മിത്തിനെ സ്വീകരിക്കുമ്പോൾ സാക്ഷര സമൂഹത്തിൽ നിന്നും ഒരു പിൻ നടത്തമായി മാറുന്നു. ശാസ്ത്രബോധത്തിന്റെ പ്രസ്ക്തിയെ പറ്റി പ്രചാരണം നടക്കുമ്പോഴും സാങ്കൽപ്പിക വിശ്വാസങ്ങളെ അബോധമനസ്സിൽ നിലനിർത്തുന്നത് സമൂഹത്തിന്റെ വികസനത്തിന് തിരിച്ചടിയാണ്. ഭിന്ന കാലങ്ങളിൽ ഏതെങ്കിലും സാംസ്കാരിക പ്രവൃത്തിയുടെ ഭാഗം മാത്രമായി രൂപംകൊണ്ടിരിക്കാവുന്ന ഈ വിശ്യാസങ്ങളെ സത്യമെന്നു കരുതി സ്വീരക്കുമ്പോൾ അത് അറിവിനോട്ടുള്ള വെല്ലുവിളിയായി മാറുന്നു . “ ശാസ്ത്രബോധമുള്ള സമൂഹത്തിലെ പുരോഗതിയുണ്ടാകു.....”.എന്ന് വിശ്വസിച്ച് മുൻപ്രധാനമന്ത്രി ജവഹർലാൽ നെഹ്‌റു;ശാസ്ത്രത്തിനെ തളർത്തുന്ന ഉപാധികളായാണ് ഇത്തരം അന്ധവിശ്വാസങ്ങളെ



പരിഗണിച്ചത്. മിത്ത് ഒരിക്കലും അന്ധവിശ്വാസമല്ല എന്നാൽ പ്രയോഗിക തലത്തിൽ നിന്നും ഉപരിയായി സങ്കുചിത താത്പര്യങ്ങളായി ഉപയോഗിക്ക  പെടുമ്പോൾ അവ ഈ തലത്തിലേക്ക് ഉയരുന്നു.

മിത്തിനെ മിത്തായും ശാസ്ത്രത്തെ ശാസ്ത്രമായും പരിഗണിക്കേണ്ടതുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും,ഡിജിറ്റൽ സാങ്കേതികതയുടെയും പരിണാമയുഗത്തിൽ അത്യന്താപേക്ഷിതമാവുന്നു.കൃത്യമായി സൃഷ്ടിച്ചെടുത്ത വിശ്വാസങ്ങളെ ശാസ്ത്രത്തിനു തുല്യമായി കാണുമ്പോൾ ഒരു തരത്തിൽ അത് കപടശാസ്ത്രമായ് പരിണമിക്കുന്നു. പിരാണങ്ങളെയും അതിന്റെ പ്രായോഗിക തലത്തിനപ്പുറം സ്വീകരിക്കേണ്ടതില്ല. ശാസ്ത്രബോധമാവണം സമൂഹനിർമ്മിതിക്ക് പ്രേരണയാവേണ്ടത്..........

------- ** ✺ ** -------



അലൈഗ്ര പി.വി

IX F

# വാനമ്പാടി പറഞ്ഞ കഥ

------***-----

ഒരിക്കൽ ഒരു വലിയ വനത്തിൽ നിന്നും അധികദൂരമില്ലാത്തിടത്ത് ഒരു കൃഷിക്കാരൻ താമസിച്ചിരുന്നു . അയാളുടെ വീടിനടുത്ത് ഒരു ഉയരമുള്ള മരം ഉണ്ടായിരുന്നു. അതിന്റെ ഒരു കൊമ്പിൽ ഒരു വാനമ്പാടി കൂടു കെട്ടി താമസിച്ചിരുന്നു . നേരം ഇരുളുമ്പോൾ നല്ല ഈണത്തിൽ മനോഹരമായ പാട്ടുകൾ വാനമ്പാടി പാടിയിരുന്നു. പാട്ടിഷ്ടമായിരുന്ന കൃഷിക്കാരൻ പാട്ട് നല്ലവണ്ണം ആസ്വദിച്ചിരുന്നു . എന്നാൽ ഒരു ദിവസം അയാൾക്കൊരു ദുഷ്ക്കരമായ ചിന്ത തോന്നി എന്തുകൊണ്ട് അതിനെ പിടിച്ച് ക്രൂട്ടിലടച്ചു ക്രൂട ആ ക്രൂട് എന്റെ വീട്ടിൽ തൂക്കിയിട്ടുകയും പക്ഷിയുടെ പട്ട് നല്ലവണ്ണം ആസ്വദിക്കുകയും ചെയ്യാം. വളരെ ചെടുക്കത്തിൽ ഒരു പക്ഷിക്കൂട് ഉണ്ടാക്കി എന്നിട്ട് കെണിവെച്ച് വാനമ്പാടിയെ പിടിച്ചു അയാൾ പിന്നീട് പറഞ്ഞു എൻറെ പ്രിയപ്പെട്ട വാനമ്പാടി ഇനിമുതൽ നീ നിൻറെ ഭക്ഷണം അന്വേഷിച്ചു നടന്നു ക്ഷീണിക്കണ്ട നിനക്ക് ആഹാരമായി തരാം നീ മനോഹരമായ പാട്ടുകൾ മാത്രം പാടിയാൽ മതി വേദനയോടെ വാനമ്പാടി : എൻറെ കൃഷിക്കാരാ നിങ്ങൾക്ക് വലിയ തെറ്റുപറ്റിയിരിക്കുന്നു ഞാനീ ലോകത്ത് ഏറ്റവും ഇഷ്ടപ്പെടുന്നത് എന്റെ സ്വാതന്ത്ര്യത്തെയാണ് അത് നിങ്ങൾ കവർന്നത് ക്രൂട്ടിൽ തന്നെ ബന്ധിപ്പിക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും എന്റെ കേൾക്കാൻ പോകുന്നില്ല ഇത് കേട്ട് കർഷകൻ ദേഷ്യം കൊണ്ട് വിറച്ചു അയാൾ പറഞ്ഞു:നന്ദിയില്ലാത്ത നാശം ഞാൻ നിനക്ക് ഒരു ഭംഗിയുള്ള വീട് തന്നില്ലേ നല്ല ആഹാരം തരാമെന്ന്

തരാമെന്നേറ്റില്ലേ ഇനിയും നീ പാടുകയില്ലെങ്കിൽ നിന്റെ
തീരുമാനമെങ്കിൽ നിന്നെ ഞാൻ കൊന്നു തിന്നും ഞാൻ കേട്ടിട്ടുണ്ട്
വാനമ്പാടിയുടെ മാംസം നല്ല രുചിയാണെന്ന്. ഭയന്നുവിറച്ച
വാനമ്പാടി കരഞ്ഞു പോയി അയ്യയ്യോ എന്നെ കൊല്ലരുത് നിങ്ങൾ
എന്നെ വിട്ടയക്കുകയാണെങ്കിൽ നിങ്ങളുടെ ഭാവിയിൽ ഗുണകരമായി
തീരുന്ന മൂന്ന് രഹസ്യങ്ങൾ ഞാൻ പറഞ്ഞു തരാം ഇത് കേട്ടപ്പോൾ
കാരനൊരു ആകാശം എന്തായിരിക്കും ആ രഹസ്യങ്ങൾ
കൃഷിക്കാരൻ ഉടനെ വാനമ്പാടിയെ മോചിപ്പിച്ചു വാനമ്പാടി ഒരു
വൃക്ഷത്തിന് ഏറ്റവും മുകളിൽ ഉള്ള കൊമ്പിൽ പോയിരുന്നു എന്നിട്ട്
വാനമ്പാടി : എന്റെ കൃഷിക്കാരാ നന്ദി ഇനി ശ്രദ്ധിച്ചു കേൾക്കുക ഞാൻ
രഹസ്യങ്ങൾ പറയാം ഒന്നാമത്തെ രഹസ്യം ഒരാൾ ഒരു കെണിയിൽ
അകപ്പെട്ടു പോയാൽ അതിൽ നിന്ന് രക്ഷപ്പെടുവാൻ എന്ത്
വാഗ്ദാനവും കൊടുക്കും രണ്ടാമത്തെ രഹസ്യം കയ്യിലുള്ള ഭാഗ്യം എത്ര
ചെറുതാണെങ്കിൽ കൂടിയും ഭാവിയിൽ ലഭിക്കാവുന്ന വലിയ ഭാഗ്യത്തെ
പ്രതീക്ഷിച്ച് കളയുന്നത് വിഡ്ഢിത്തമാണ് ഇനി മൂന്നാമത്തെ രഹസ്യം
ഒരാൾ അവന്റെ തെറ്റുകളിൽ നിന്നും പാടം പഠിക്കണം അല്ലാതെ
അതിനെ കുറിച്ച് ഓർത്ത് സമയം പാഴാക്കരുത് ഇങ്ങനെ പറഞ്ഞു
വാനമ്പാടി തൻറെ ചിറകുകൾ വീശി സമീപത്തുള്ള കാട്ടിലേക്ക് പോയി
കൃഷിക്കാരൻ അവിടെ തന്നെ നിന്നു വിഷമത്തോടെ എന്നാൽ
വിവേകം ഉദിച്ചവനെപ്പോലെ

ഗുണപാഠം :ഒരുവൻ അവൻറെ തെറ്റുകളിൽ നിന്നും പാഠം പഠികണം






ഫാത്തിമ സഹ്റ
IX C

# താരാട്ട് മറക്കുന്ന പുതുനാമ്പുകൾ

കാലം കടന്ന് പോകവെ
മറയുകയാണ് താരാട്ട് പാട്ടുകൾ
ജനിച്ചനാൾ മുതൽ കേൾക്കുന്ന
പാട്ടുകൾ ഇന്ന് നമ്മുക്ക് അറിയുകയില്ല
ലോകം മുഴുവൻ ഇന്നിതാ താരാട്ട്
മറക്കുന്ന പുതു നാമ്പുകൾ
അമ്മതൻ നാവിൻ തുമ്പിൽ നിന്നാ-
ദ്യമായി വരുന്നിതാ കുഞ്ഞു
താരാട്ടുകൾ..........
പുതു നാമ്പുകൾ മറക്കുകയാണ്
അന്ന് അമ്മ പാടിയ ആ പാട്ടുകൾ





ഫാത്തിമ സംറ
IX C

# MY PET DOG

------------------------------

you cannot find here
No where
youcan see anything,
The air is there only-
But there is
Nothing in the air.
What will youdo
with my pet dog
That I know not
But I am cautiory
And keeping the dog
with me always.
My pet dog is not hare





FATHIMA
SAMRA
IX C

# കെടാ
# ത്ത
# തീക്ക
# നൽ.



അമ്മയ്ക്ക്
അന്നും
അസുഖം
കുറച്ച്
ക്രൂടുതലായി
രുന്നു.
വാങ്ങിവച്ച
മരുന്ന്
അന്ന്
കാലത്തേക്ക് വരെ ഉള്ളതുമാത്രമായിരുന്നു.
അമ്മ ഓരോ വട്ടം ചുമയ്ക്കുമ്പോഴും വേദനയിൽ
നിലവിളിക്കുമ്പോഴും മകന്റെ നെഞ്ചും
വ്ദനകൊണ്ട് ഇടറി വീഴുകയാണ്. അച്ഛന്റെ
മദ്യപാനമാണ് ആ കുടുംബത്തിന്റെ
ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം.
അസുഖക്കിടക്കയിൽ കിടക്കുന്ന അമ്മയ്ക്ക്

മരുന്ന് വാങ്ങാനുള്ള കാശിന് പോലും അച്ഛൻ മദ്യപിക്കുകയാണ്. അച്ഛന്റെ ആ മദ്യപാനം കൊണ്ടാണ് തന്റെ കുടുംബം ദാരിദ്ര്യത്തിലേക്ക് വീണതെന്ന് മകൻ ഉറച്ച് വിശ്വസിക്കുകയാണ്. എന്നാൽ അച്ഛൻ സ്വയം മദ്യപാനത്തിലേക്ക് എത്തിച്ചേർന്നതല്ല. സാഹചര്യം കൊണ്ട് അടിമപ്പെട്ടുപോയതാണ്.

ചെമ്പഴന്തി എന്ന ഒരു നാട്ടിനാണ് ആ കുടുംബം ജീവിച്ചിരുന്നത്.അച്ഛൻ ഷാജി വളരെ കഷ്ടപ്പെട്ട് അധ്വാനിക്കുന്ന ഒരു കൃഷിക്കാരനായിരുന്നു. കൃഷി ചെയ്തു വളരെ മുന്നോട്ടു തന്നെയായിരുന്നു ആ കുടുംബം മുന്നോട്ടു പോയിരുന്നത്. കൃഷി ചെയ്യാനായി അച്ഛൻ ഷാജി ബാങ്കിൽ നിന്നും കടമെടുക്കുകയാണ്. പാടത്ത് വാഴ നട്ട് അതിൽ നിന്നും കിട്ടുന്ന പ്രതിഫലത്തിൽ നിന്ന് കടം തിരിച്ചടക്കാമെന്നാണ് കരുതിയിരുന്നത്. എന്നാൽ അദ്ദേഹം സ്വപ്നത്തിൽ പോലും കാണാത്ത ഒരു കൊടുംനാശം അദ്ദേഹത്തിന്റെ കൃഷിക്ക് സംഭവിച്ചു. ഒരു ദുരന്തമായി വീശിയ കാറ്റിൽ അദ്ദേഹത്തിന്റെ വാഴകളെല്ലാം ഇടറി വീണു. അത് കണ്ടപ്പോൾ തന്നെ അച്ഛന്റെ നെഞ്ച് പൊട്ടിയിരുന്നു. സങ്കടം


സഹിക്കാനാവാതെ അദ്ദേഹം ആത്മഹത്യക്ക് ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കാരുണ്യം കൊണ്ട് തന്റെ ഗൃഹനാഥനെ നഷ്ടപ്പെട്ടില്ല. എന്നാൽ മരണത്തിൽ നിന്ന് അഭയം നേടാനാവാതെ അയാൾ ചെന്നെത്തിയത് മദ്യപാനത്തിലേക്കാണ്. അമ്മയ്ക്കാണെങ്കിൽ കാൻസറും.എന്തിനാണ് ദൈവം ഒരു കുടുംബത്തെ ഇങ്ങനെ പരീക്ഷിക്കുന്നത് എന്ന് നമുക്ക് തോന്നിപ്പോവും.



മകനായ സുരേന്ദ്രനാണ് ആ കുടുംബത്തെ നോക്കുന്നത്. വിദ്യാർത്ഥിയായ അവൻ രാവിലെ സ്ക്കൂളിൽ പോകും. സ്ക്കൂൾ ഇല്ലാത്ത സമയങ്ങളിൽ ആ കുടുമബത്തിനായി അധ്വാനിക്കുന്നു. അവനെ കൊണ്ട് ആവുന്നതിനുമതികമുള്ള ജോലികളും അവൻ ഈ ചെറുപ്രായത്തിൽ ചെയ്യാറുണ്ട്. അവൻ ഒരു പോള കണ്ണടക്കാതെ കഷ്ടപ്പെട്ട് അധ്വാനിക്കുന്ന പൈസ കൊണ്ടാണ് ആ അമ്മയുടെ അസുഖത്തിന്റെ മരുന്ന് വാങ്ങുന്നത്.

ഒരു ദിവസം ക്ലാസ്സിൽ ടീച്ചർ പഠിച്ചു വരാൻ പറഞ്ഞ കാര്യം അവനോട് ബോർഡിൽ എഴുതാൻ പറയുകയാണ്. അവനത് പഠിച്ചിട്ടില്ലായിരുന്നു. മടികൊണ്ടല്ല. അവന്റെ അമ്മയുടെ അസുഖം കൂടിയത്കൊണ്ട് അവൻ

അന്നുരാത്രി അമ്മയോടൊപ്പം ആശുപത്രിയിൽ പോയിട്ടായിരുന്നു ഉണ്ടായിരുന്നത്. ആശുപത്രിയിൽ അടയ്ക്കേണ്ട പൈസക്കു വേണ്ടി അവൻ അന്നു പുലർച്ചയും ജോലി ചെയ്യാൻ പോയിരുന്നു. എന്നാൽ അനവന്റെ ടീച്ചർക്ക് ഇത് അറിയില്ലായിരുന്നു. ഇടറിയ കാൽച്ചുവടുകളോടെ ബോർഡിനടുത്തേക്ക് ചോക്കു കഷണവുമായി അവൻ നടന്നു.ടീച്ചർ അവനെ അവന്റെ കൂട്ടുകാരുടെ മുമ്പിൽ വെച്ച് വഴക്കുപറയുകയാണ്. അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകാൻ



തയ്യാറാക്കിയത്

ഹന്ന.കെ

IX A

# പ്രത്യാശ

ലത പി

പറയുവാനേറെ
യുണ്ടെന്നാകിലും
മുറിഞ്ഞുപോകുന്നു
ഗദ്ഗദത്താൽ
കാണുവാൻ
കൊതിയേറെയുണ്ടെങ്കിലും
കാഴ്ച്ചകൾക്ക്
മങ്ങലേറ്റിരിക്കുന്നു.



പറയാതെ കാണാതെ
നെഞ്ചിലേറ്റി
യോരോർമ്മകൾ തൻ
വെളിച്ചത്തിൽ
കാലപ്പഴക്കത്താലഴുകിയ
ബന്ധത്തിൻ
നീറ്റിലൂടെയൊഴുകുന്നു
യിന്നു ഞാൻ

വർണ്ണരാജികൾതൻ നിറവിൽ
പീലി വിടർത്തിയാടുന്നവർ
ക്കരികിൽ
പ്രത്യാശയുടെ തിരിനാളത്തിൽ
വർണ്ണ ശബളമായൊരു
ജീവിതത്തിനായി....

കേഴാതിരിക്കുവാനോതുന്നു
ണ്ടെങ്കിലും
കേൾക്കില്ല
പിൻവിളിയെന്നപോലെ
നിറമിഴികളിലൊളിപ്പിച്ചോ
രാക്കിനാക്കൾ തന്നൊളിയിലൂ
ടെയൊഴുകുന്നു.....,

അനുഷ്ക കെ
IX A

# *ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹിക വിപത്ത് *

നമ്മുടെ സംസ്ഥാനം സാക്ഷരതയിലും ആരോഗ്യ പരിപാലനത്തിനും ഇന്ത്യ യിലെ തന്നെ പ്രഥമസ്ഥാനം അലങ്കരിക്കുന്നു എന്ന് അഭിമാനിക്കുമ്പോൾ




മദ്യം/ ലഹരി വസ്തുക്കളുടെ ഉപയോഗം എന്നതിലും സംസ്ഥാനത്തിന്റെ സ്ഥാനം ഒന്നാമതാണെന്നുള്ളത് ലജ്ജാവഹമായ ഒരു വസ്തുതയാണ്.മൂന്ന് പതിറ്റാണ്ട് മുമ്പ് വരെ 'ഡ്രഗ്' എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് ജീവൻ ര ക്ഷാ ഉപാധികളെ ആയിരുന്നു. ഇളം തലമുറയെ വിടരുന്നതിനു മുമ്പ് തന്നെ തല്ലിക്കൊഴിക്കാൻ കെല് പ്പുള്ള മയക്കമരുന്ന് ആണ് ഇന്ന് നാം ഡ്രഗ് എന്ന ഓമന പേര് നൽകി വിളിക്കുന്നത് എന്നത് ഒ





വിരോധാഭാസമാണ്. നമ്മുടെ സമൂഹത്തിൽ ആയത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ വിപത്തിന്റെ നീരാളിപ്പി ടിയിൽ ഭാവിയുടെ പ്രതീക്ഷകൾ ആകേണ്ട വിദ്യാർത്ഥികളും ഉൾപ്പെടുന്നു എന്ന ഭീകരാവസ്ഥയ്ക്ക് മുമ്പിൽ പകച്ചു നിൽക്കുകയാണ് ഇന്ന് നാം.
വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗവും ആയി ബന്ധപ്പെട്ട കേസുകളിൽ വന്ന വർദ്ധനവാണ് ഇതിനുള്ള ഉത്തമ ദൃഷ്ടാന്തങ്ങൾ.

ലഹരിപദാർത്ഥങ്ങളെ പൊതുവായി പുകയില, മദ്യം,മയക്കമരുന്ന്, എന്നിങ്ങ

മൂന്നായി തിരിക്കാം. ഇന്ന് പുകയില, കഞ്ചാവ് തുടങ്ങിയവയിൽ നിന്നുള്ള

വിവിധതരം ഉൽപ്പന്നങ്ങളും മയക്കുളികകളും കുത്തിവെപ്പ് മരുന്നുകളും സ്റ്റിക്ക

രൂപത്തിലുള്ള എൽ എസ് ടി സ്റ്റാമ്പുകളും എല്ലാം അടങ്ങുന്നതാണ്

ലഹരിയുടെ സാമ്രാജ്യം. ഇതിനുപുറമേ, ചില മരുന്നു വിൽപ്പന ശാലകൾ

ലഹരിക്കായി ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ അനധികൃതമായി വിൽപ്പന നടത്തുന്നതായി എക്സൈസും ഡ്രഗ്സ് കൺട്രോൾ വകുപ്പും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 14 മുതൽ30 വരെ പ്രായമുള്ളവരിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം വർദ്ധിച്ചതായി എക്സൈസ് വകുപ്പ് പറയുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല അത് എന്തെന്നറിയാനുള്ള ആ കാംക്ഷ, അതിൽനിന്ന് കിട്ടും എന്ന് കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, വിഷാദം, ക്ഷീണം എന്നിവ മാറ്റാൻ ഉത്തമമാണിതെന്ന തെറ്റായ ധാരണ, ശിഥിലമായ കുടുംബാന്തരീക്ഷത്തിൽ വള രുന്നകുട്ടികളിൽ ഉണ്ടാകുന്ന അരക്ഷിതാവസ്ഥ, വിദ്യാർത്ഥികളിൽ അനാവശ്യ മത്സരബുദ്ധി വളർത്തുന്നതും മൂലമുണ്ടാകുന്ന അമിത ഉത്കണ്ഠയും അപകർഷതാബോധവും തൻ മൂലമുണ്ടാകുന്ന പിരിമുറുക്കത്തിലുംനിന്നും രക്ഷ തേടാനുള്ള മാർഗം കണ്ടെത്തൽ എന്നിവയാണ് ചെറുപ്രായത്തിൽ തന്നെ ലഹരിവസ്തുക്കളിൽ അഭയം തേടുന്നതിന് അവരെ പ്രേരിപ്പിക്കുന്നത്.




ലഹരി മരുന്നുകൾ ആദ്യമായി ഉപയോഗിക്കുമ്പോൾ ഒരുവനുലഭിക്കുന്ന ആനന്ദവും ഉന്മേഷവും വീണ്ടും അതിന്റെ ഉപയോഗത്തിന് അയാളെ

പ്രേരിപ്പിക്കുന്നു. ക്രമേണ അതിന് അടിമപ്പെടുകയും അവ സംഭാവന ചെയ്യുന്ന പൈശാചികമായ വിഭ്രാന്തിയിലേക്ക് അയാൾ താണു പോകുകയും ചെയ്യുന്നു. ഒരുതരം ഉന്മാദം ബാധിച്ച് ഭ്രാന്തനായി അലയുന്നു ഏതു സാഹസത്തിലും മുതിരുന്ന അവർ തന്റേതു മാത്രമായ ഒരു ലോകം സൃഷ്ടിക്കുന്നു. അവിടെ, സാമൃത, നീതി ഒന്നുമില്ല. നിഷ്കളങ്കരായ കുട്ടികൾ പോലും അടിമയാകുന്ന തരത്തിലുള്ള ലഹരി മരുന്നുകൾ ഇന്ന് സ്കൂൾ പരിസരത്ത് വ്യാപകമാണ്. ഐസ്ക്രീം, മിട്ടായി, പശ, ഗുളികകൾ എന്നിവയുടെ രൂപത്തിൽ അവ വിദ്യാർത്ഥികളിലേക്ക് എത്തിക്കുകയാണ് മയക്കമരുന്ന് മാഫിയകളുടെ ലക്ഷ്യം. ഇവ ഉപയോഗിക്കുന്ന കുട്ടികൾ ക്രമേണ മയക്കമരുന്നുകളുടെ സ്ഥിരം ഉപഭോക്താക്കളായി തീരുന്നു. പല വിദ്യാർത്ഥികളും ഇത്തരം മാഫിയകളുടെ ഏജന്റ് മാരായി പ്രവർത്തിക്കുന്നു. മാർഗമായി വിദ്യാർത്ഥികളെ മയക്കമരുന്ന് മാഫിയകൾ ഉപയോഗിക്കുന്നു. മയക്കമരുന്ന് വ്യാപനത്തിന് ഇക്കൂട്ടർ കൈക്കൊണ്ടിട്ടുള്ള ഒരു നൂതന മാർഗമാണ് കോളേജുകളിൽ പഠിതാക്കളായി പ്രവേശനം നേടുക എന്നുള്ളത്. ഇവർ വിദ്യാർത്ഥികൾക്കിവിലകൂടിയ മൊബൈൽ,ബൈക്ക് എന്നിവ നൽകി അവരെ വശീകരിക്കുന്നു. ആഡംബര ജീവിതത്തോടുള്ള ഭ്രമമാണ് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കോളേജ് വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നത്.

അന്താരാഷ്ട്ര മയക്കമരുന്ന് ദിനാചരണത്തിന്റെ ഭാഗമായി (ജൂൺ 26) ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടനകൾ, സ്കൂളുകൾ,

കോളേജുകൾ, മാഗസിനുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകിവരുന്നു. ഈ അവാർഡുകൾ ഏറ്റുവാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എത്രത്തോളം ഗൗരവത്തോടെയാണ് ഏവരും ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് എന്നതിന് തെളിവാണ്.

' നാളത്തെ കേരളം ലഹരി വിമുക്തനവകേരളം ' പ്രമേയത്തിലൂന്നി എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 'ലഹരി വർജ്ജന മിഷനായ വിമുക്തിയുടെ' സേവനങ്ങൾ ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏറെ സഹായം ആയിക്കൊണ്ടിരിക്കുന്നു എന്നതും പ്രതീക്ഷ നൽകുന്നു. ലഹരി വിമുക്ത കേരളം എന്ന സ്വപ്നം സാർത്ഥകമാക്കാൻ നമുക്ക് സാധിക്കും.



മുഹമ്മദ് കെ.ട്ടി
IX F



# തകർന്ന പോയ കൗമാര മനസ്സ്


അവളുടെ മനസ്സ് ഒരു തീ നാളം പോലെ ജ്വലിക്കുകയാണ്.ആ മനസ്സ് അവളിൽ നിന്ന് വിട്ടകലുമോ എന്ന ഭീതി അവളിൽ പതഞ്ഞു പൊങ്ങുന്നു.എന്തു ചെയ്യണം എന്നറിയാതെ ഒരു നിമിഷം അവളൊന്നു പതറി പോയി.തന്റെ മനസ്സിൽ ഉദിച്ചുയർന്ന മോഹങ്ങളും സ്വപ്നങ്ങളും തന്നിൽ നിന്നും അകലുകയാണ്.അവളുടെ നനഞ്ഞ കണ്ണുകൾ അത് തെളിയിക്കുന്നു.ഇനി ആ കണ്ണുകൾ തെളിയുമെന്ന പ്രതീക്ഷ അവൾക്കില്ല.ചിറകറ്റു പോയ മോഹങ്ങളും സ്വപ്നങ്ങളും ബാക്കിവെച്ച് പ്രപഞ്ചസത്യമായ ആ ഈശ്വരന്റെ മടിത്തട്ടിൽ അഭയം പ്രാപിക്കാം എന്ന് അവൾ കരുതി.പക്ഷേ പെട്ടെന്ന് അവളുടെ ഹ്രദയമിടിപ്പ് കൂടുന്നത് പോലെ അവൾക്ക് തോന്നി.



അപ്പോഴാണ് അവൾക്ക് മനസ്സിലായത് ആ മടിത്തട്ട് അവൾക്ക് അനുയോജ്യമെല്ലെന്ന്.ആ സത്യം മനസ്സിലാക്കിയ അവൾ വിരിയും മുമ്പേ പൊലിഞ്ഞുപോയ ആ മോഹങ്ങൾക്ക് അവൾ പുതിയ ഭാഷ്യം നൽകി.മനസ്സിൽ കുറിച്ചിട്ട ആ മോഹങ്ങളും സ്വപ്നങ്ങളുമാണ് തന്റെ ലക്ഷ്യം.ആ ലക്ഷ്യം നിറവേറ്റാനുള്ള മോഹങ്ങളോടെ അവൾ യാത്ര തുടരുന്നു.ഇനി അവൾക്ക് ആ ലക്ഷ്യം സ്വപ്നമല്ല അതൊരു സത്യമാണ്.

പക്ഷെ ആ യാത്രയ്ക്ക് ഭംഗം വന്നുകൊണ്ടിരിക്കുന്നു.ഒരു വശത്ത് ആരോപണങ്ങളും കുറ്റപ്പെടുത്തലുകളും-മറുവശത്ത് അവളെ തളർത്തുന്ന ചില പ്രശ്നങ്ങളും.ഇപ്പോഴും അവളുടെ മനസ്സ് കത്തിയെരിയുകയാണ്.പ്രകാശം മങ്ങിയ ഒരു നേരിയ മെഴുകുതിരി പോലെയാണ് അവളുടെ മനസ്സ്.അവളെയൊന്ന് മനസ്സിലാക്കാൻ ഈ ലോകത്ത് ആരും ഇല്ല എന്ന് അവൾ മനസ്സിലാക്കി.

തയ്യാറാക്കിയത്:-



ഫാത്തിമ റഹ

# കുറുക്കനും ആടും

പണ്ട് പണ്ടൊരു കാട്ടിൽ ഒരു കുറുക്കൻ വസിച്ചിരുന്നു. ഒരു ദിവസം കുറുക്കൻ കാട്ടിലൂടെ
നടക്കുകയായിരുന്നു. കുറച്ച് നടന്നപ്പോൾ കുറുക്കന് നല്ല ദാഹം തോന്നി. കുറുക്കൻ ഉടൻതന്നെ അടുത്തു കണ്ട ഒരു ആഴം കുറഞ്ഞ കിണറ്റിൽ വെള്ളം



കുടിക്കാനായി ഇറങ്ങി. തനിക്കു മതിയാവോളം വെള്ളവും
കുടിച്ചു. വെള്ളം കുടിച്ച് തിരിച്ച് പോകാനൊരുങ്ങിയ
കുറുക്കൻ ആകെ വിഷമിച്ചു. അവൻ കിണറ്റിൽ നിന്നും തിരിച്ച് കയറാൻ സാധിക്കുന്നില്ല.
ആകിണറ്റിൽ നിന്നും കയറാനായി പടവുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. നല്ല
വഴുക്കലുള്ളത് കാരണം പിടിച്ച് കയറാനും കുറുക്കന് കഴിഞ്ഞില്ല.

കുറുക്കൻ മനസ്സിൽ കരുതി

“ഇനി ഞാൻ എങ്ങനെയാണ് ഈ കിണറ്റിൽ നിന്നും കരയിൽ കയറുന്നത്? തിരിച്ച്
കരയിൽ കയറാനായി പടവുകളോ പിടിച്ച് കയറാൻ ഒരു ചെടിയുടെ വള്ളിയോ പോലും
ഇവിടെയൊന്നും കാണാൻ ഇല്ല. ഏതുവിധത്തിലും ഇവിടെനിന്നും രക്ഷപ്പെട്ട മതിയാകൂ."കുറുക്കൻ അങ്ങനെ ചിന്തിച്ച് നിൽക്കുമ്പോഴാണ് ഒരു ആട് അതു വഴി വന്നത്.



കുറുക്കൻ കിണറ്റിൽ നിന്നും കയറാൻ കഴിയാ
തെ നിൽക്കുകയാണെന്ന് അറിയാത്ത ആട്

കുറുക്കനോട് ചോദിച്ചു

*സുഹൃത്തേ,ഈ കിണറ്റിലെ വെള്ളം കുടിക്കാൻ കൊള്ളാവുന്നതാണോ?“

ആടിന്റെ ചോദ്യം കേട്ടതും കുറുക്കൻ അവിടെ നിന്നും രക്ഷപ്പെടാനായി ഒരു ഉപായം

തോന്നി. അവൻ ഉത്സാഹത്തോടെ

മറുപടി പറഞ്ഞു



കുറുക്കന്റെ മറുപടി കേട്ട ആട് മറ്റൊന്നും നോക്കാ
തെ

കിണറ്റിലേക്ക് ഇറങ്ങി. ആട് കിണറ്റിലേക്ക് ഇറങ്ങിയതും കുറുക്കൻ ഉടൻതന്നെ ആടിന്റെ പുറത്തു ചവിട്ടി

കരയിൽ
കയറി. എന്താണ് സംഭവിക്കുന്നതെന്നു മനസ്സിലാകാത്ത ആട് അത്ഭുതത്തോടെ കുറുക്കനെ നോക്കി. എന്നാൽ കുറുക്കൻ



സന്തോഷത്തോടെ തുള്ളിച്ചാടുന്നതാണ് ആട് കണ്ടത്. അധികം വൈകുന്നതിന് മുൻപ് തന്നെ കുറുക്കന്റെ സന്തോഷത്തിന്റെ കാരണം ആടിന് മനസ്സിലായി.

ആട് മനസ്സിൽ കരുതി

*ഞാനെന്തൊരു മണ്ടനാണ്. കുറുക്കൻ പറഞ്ഞതു വിശ്വസിച്ചു മറ്റൊന്നും നോക്കാതെ ഈ
കിണറ്റിൽ ഇറങ്ങി. ഇനി എങ്ങനെയാണ് ഞാൻ കരയിൽ കയറുന്നത്?"

ആട് വിഷമത്തോടെ കുറുക്കനോട് ചോദിച്ചു

"നീയെന്തിനാണ് എന്നെ പറ്റിച്ചത്? ഈ കിണറ്റിൽ നിന്നും തിരിച്ചു കയറാൻ പടവുകളൊന്നും
ഇല്ലെന്നു എന്തിനാണ് എന്നിൽ നിന്നും മറച്ചുവച്ചത്?"

ഇതു കേട്ടതും കൂസലില്ലാതെ കുറുക്കൻ

ആടിനോട് ചോദിച്ചു
"ഞാനെന്തിനാണ് പറയുന്നത്? നിനക്ക് കിണറ്റിലേക്ക് ഇറങ്ങുന്നതിന് മുൻപ് തിരിച്ചു നത
കയറാൻ പറ്റുമോ എന്നു നോക്കാമായിരുന്നില്ലേ?"

ഉടൻതന്നെ ആട് പറഞ്ഞു,

"ഞാൻ നിന്നെ നല്ലൊരു സുഹൃത്തിനെ പോലെയാണ് കണ്ടത്. അതുകൊണ്ട് തന്നെ ഞാൻ
നീ പറഞ്ഞത് വിശ്വസിച്ചു, ദയവായി എന്നെ ഇവിടെ നിന്നും എങ്ങനെയെങ്കിലും രക്ഷിക്കൂ."



ഇതു കേട്ടതും കുറുക്കൻ ആടിനോട് പറഞ്ഞു "നീ ഒരു പരിചയവും ഇല്ലാത്ത എന്നെ എന്തിനാണ് വിശ്വസിച്ചത്? എന്റെ ജീവൻ തിരിച്ചു

കിട്ടിയതു തന്നെ ഭാഗ്യം. എനിക്കു നിന്നെ രക്ഷിക്കാനൊന്നും സമയമില്ല. നിനക്ക് കഴിയുമെങ്കിൽ സ്വയം രക്ഷപ്പെട്ടു."

ഇതും പറഞ്ഞു കുറുക്കൻ അവിടെ നിന്നും ഓടി പോയി. പാവം ആട് ആകട്ടെ എന്തു ചെയ്യണമെന്ന് അറിയാതെ ആ കിണറ്റിൽ തന്നെ നിന്നു.



രചന-സൂര്യദേവ് എസ് എൻ
IX G

# മഹാവിജയം,മഹാത്ഭുതം

2014 സെപ്റ്റംബർ 24 - ഇന്ത്യയുടെ അഭിമാനം ചൊവ്വാ ഗ്രഹത്തോളമുയർത്തി മംഗൾയാൻ ദൗത്യം മഹാവിജയമായ ദിവസം. ഇന്ത്യയുടെ പേര് ലോക ശാസ്ത്ര ചരിത്രത്തിൽ കുറിക്കപ്പെട്ട ദിവസം. വിജയപ്രവേശനത്തിന് സാക്ഷിയാകാൻ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി



ബാംഗ്ലൂരിലെ ഐ.എസ്.ആർ.ഒ നിലയമായ ഇസ്ട്രാക്കിൽ നേരിട്ടെത്തി അനുമോദിച്ച ദിനസം. മറക്കാനാവില്ല ഒരിക്കലും ആ നിമിഷം സെപ്റ്റംബർ 24 ബുധനാഴ്ച്ച രാവിലെ 8 കഴിഞ്ഞ് 4സെക്കന്റ് ആയപ്പോൾ ഇന്ത്യയുടെ ആദ്യ ഗ്രഹാന്തര ദൗത്യമായ മംഗൾയാന്റെ (മാർസ് ഓർബിറ്റൽ മിഷൻ) പഥപ്രവെശനം ഐ.എസ്.ആർ.ഒ നിയന്ത്രണ കേന്ദ്രത്തിൽ അറിഞ്ഞു.

ഏറ്റവും ചിലവുകുറഞ്ഞതും ഏറ്റവും വേഗം തയ്യാറായതുമായ ഈ ദൗത്യം മൂന്നു തരത്തിൽ ഇന്ത്യയുടെ പേരുയർത്തി. 1. ഇതിനകം ആദ്യശ്രമത്തിൽ ചൊവ്വാ ദൗത്യം നേടിയെടുത്ത ഒരേയൊരു രാജ്യം. 2. ലോകത്ത് ഈ ദൗത്യം നേടിയ നാലാം ശക്തി 3. ചൊവ്വാ ദൗത്യം വിജയിച്ച ഏക ഏഷ്യൻ രാജ്യം. അമേരിക്കയും റഷ്യയും യൂറോപ്യൻ ബഹിരാകാശ ഏജൻസിയുമാണ് ഇതിന് മുമ്പ് ചൊവ്വാ ദൗത്യം വിജയിപ്പിച്ചിട്ടുള്ളത്.
2013 നവംബർ അഞ്ജിനാണ് ഈ ഇന്ത്യൻ നിർമ്മിത ഉപഗ്രഹത്തെ ഇന്ത്യൻ റോക്കറ്റായ പി.എസ്.എൽ.വി-സി 25 ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ചത്. 475 കിലോഗ്രാം ഭാരവും ഒരു നാനോ കാറിന്റെ വലിപ്പവുമുള്ള മംഗൾയാൻ ഒരു തവണ ഭ്രമണം പൂർത്തിയാക്കാൻ 77മണിക്കൂറെടുക്കും. ചൊവ്വയുടെ അന്തരീക്ഷഘടനയെക്കുറിച്ചും ഉപരിതലത്തെ കുറിച്ചുമൊക്കെ പഠനം നടത്തുക എന്നതാണ് ലക്ഷ്യം.

മംഗൾയാനിൽ പ്രധാനമായും ഉള്ള അഞ്ച് ഉപകരണങ്ങൾ ഇവയാണ്. ലീമാൻ അൽഫാ ഫോട്ടോമീറ്റർ, മാർസ് കളർ ക്യാമറ, മീഥെൻ സെൻസർ, മാർസ്



എസ്റ്റോസ് ഫെരിക് ന്യൂടൽ കമ്പോസഷൻ അനലൈസർ തെർമൽ ഇൻഫ്രാറെഡ് ഇമേജിംഗ് സ്പെകിട്റോ മീറ്റർ

മംഗൾയാന്റെ നിർമ്മാണത്തിനും പദ്ധതിക്കും ആകെ ചിലവായത് 450 കോടി രൂപയാണ്. അതേസമയം അമേരിക്കൻ ബഹിരാകാശ എജൻസിയായ നാസ ചൊവ്വയിലേക്കയച്ച ക്യൂയോസിറ്റിക്ക ചെലവായത് 12,000 കോടി രൂപ. മംഗൾയാൻ ദിവസങ്ങൾക്ക് മുമ്പ് ചൊവ്വയിലെത്തിയ നാസയുടെ മാവെൻ പേടകത്തിന് ചെലവ് വന്നത് 4139 കോടി രൂപ. മംഗൾയാൻ പൂർത്തിയാക്കാൻ ഒന്നര കൊല്ലമെടുത്തപ്പോ മാവെൻ വികസിപ്പിക്കാൻ അഞ്ച് വർഷമെടുത്തു.

ഒരു ഇന്ത്യക്കാരിയാവാൻ കഴിഞ്ഞതിൽ എറ്റവും സന്തോഷിച്ച , അഭിമാനിച്ച നിമിഷം. ഇതോടൊപ്പം നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്ക് വേണ്ടി ജീവൻ ബലിയർപ്പിച്ച എല്ലാ ധീരജവാൻമാർക്കും ആദരാഞ്ജലികൾ. കൂപ്പുകൈ പ്രാർത്ഥനാപൂർവ്വം.



**സൻഹ ഫാത്തിമ നൗഷാദ്**

IX F

# പ്രാർഥന

സോന ടീച്ചർ

പിറക്കാതിരിക്കുകെൻ മകളെ
നിനക്കായിതാണെന്റെ പ്രാർഥന
മാനുഷരല്ലിവിടെ...
മാംസം കൊത്തിവലിക്കും കഴുകുകൾ
രക്തപാനത്തിനായി ഭീമനില്ല
കൃഷ്ണയെ രക്ഷിച്ച കൃഷ്ണനില്ല
അവനിസുതയെ  നോവിച്ചവനെ
അന്ധനാക്കില്ല രാമബാണം
പിളരില്ല ഭൂമി ഉണരില്ല ദേവൻ
എരിയില്ലൊരഗ്നിയും
നിശാചരവധത്തിനായ് ?
പിറക്കാതിരിക്കുകെൻ മകളെ
പിറക്കാതിരിക്കുമെൻ മകളെ
നിനക്കായിതാണെന്റെ പ്രാർഥന

--------------------



സന്മയ സുനിൽ
IXH

# തളിർക്കുന്ന തളിർ

താരാടിൽ മുഴുകുന്ന പുതുനാമ്പുകൾ
ഓർമ്മകളിൽ മയങ്ങുന്ന താരാട്ടു പാട്ട്
ഓർക്കുമ്പോൾ അതൊരു സുഖാനുഭവങ്ങൾ
സ്വപ്നങ്ങളിൽ മാത്രം കേൾക്കുന്ന താരാട്ടുപാട്ട്
താരാട്ടുപാട്ടിൽ പൂത്തുലയുന്ന തളിരുകൾ
ജനനം മുതൽ കേൾക്കുന്ന താരാട്ട്
സ്പർഷിച് കുളിർമയാർന്ന് നിൽക്കുന്ന പുതുനാമ്പുകൾ
അമ്മയാകുന്ന സ്നേഹം നൽകുന്ന താരാട്ടുപാട്ട്.....
തെളിനീരുപോലെയിതാ താരാട്ടുപാട്ട്
കൊച്ചുപൈതങ്ങൾ കരഞ്ഞാൽ
സ്പർശനമേറ്റ് പുഞ്ചിരിക്കുന്ന നാമ്പുകൾ
കൊച്ചുകുഞ്ഞുങ്ങളിൽ പുഞ്ജിരി ഏല്ക്കുന്നു
താരാട്ടുപാട്ട്....
അമ്മയാകുന്ന താരാട്ടുപാട്ട് കുഞ്ഞുങ്ങളിൽ
സ്പർഷിച്ചു താരാട്ടുപാട്ട്.....





രചന

യദുകൃഷ്ണ്.കെ.പി
IX D

## ഒരു പറവയുടെ വിരഹം

*പോയ മാസത്തിലെ ചൂടിലെൻ ചിറകുകൾ വാടി കരിഞ്ഞു പോയ് എന്നാകിലും.... മൂടി കിടന്ന കിളിവാതിലിൻ ചാരെ-*

*ക്കുനി ഇരുപ്പാണെപ്പോഴും ഞാൻ... മണലുകൾ എരിയുന്ന ശവ്വാലിലെൻ ദാഹ-*



*ശമനത്തിനൊരു തുള്ളി നീരിനായല്ല.. നീയുണ്ണമന്നത്തിൽ*

*ഇത്തിരിയാലെൻ്റെ- കാളുമുദരം നിറയ്ക്കാനുമല്ല.. ജനലഴിക്കപ്പുറം*

*ഓടിവന്നെന്നോട് കുശലം പറഞ്ഞവളെവിടെ... പാൽ മണം മാറാത്ത*

*ചുണ്ടിൽ വിടരുമാ പഞ്ചാര പുഞ്ചിരിയെവിടെ ..? മാമുണ്ടുകൊണ്ട് നിൻ*

*അരുമയന്നെന്നോട്- പോകാതെ എന്നരുളിയില്ലേ ? ഒടുവിലവൾ നിൻ്റെ*

*ഒരുവിരൽ തുമ്പത്ത് ഉരയാതെ പൊയ്ക്കളഞ്ഞല്ലോ...? വിളയാട്ടമില്ലാതെ കോണിൽ കിടക്കുന്ന കളിപ്പാട്ടമെന്നപോൽ*

*ഞാനും ഇനി കുറേ നാളുകൾ കുറുകി ഇരിക്കും നോവും നിന്നുള്ള പോലെ...*





*ROHITHA BABU E*

*9G*

# സൽസ്വാഭവി

ഒരു ഗ്രാമത്തിൽ ഒരു ബാലൻ തൻെ അച്ഛനോട്
അവൻ എപോഴും പറഞ്ഞു അവൻെ അദ്യാപകൻ –
പാവമാണ് .അദ്ദേഹം തനിക് വേണ്ടി കഷ്ടപേടുന്നു
എന്ന്. ആ മാഷിൻെ പിന്നാൾദിവസം എത്തി
പക്ഷേ മാഷിന് അത് അറിയില്ല.
മാഷ് ക്ലാസ്സിൽ വന്ന സമയം
എല്ലാ വരും ഓടി ബുക്ക് എടുത്തു
ഒരു കുട്ടി വന്ന് മഷിന് ഒരുകടലാസ് കോടുത്തു
അത് പോളിച്ച് വായിച്ചു മാഷ് അബരന്നു പോയി
മാഷ് ചോക് വലിചെറിഞ്ഞു കുട്ടിയെ കെട്ടിപിടച്ചു
നോക്കുബോൾ വലിയ കേക്ക്
കുട്ടിയെ അഭിനന്ദിക്കുന്ന തിനടയിൽ മാഷിൻെ –
കണ്ണുകൾ നിറഞ്ഞു മാഷെ സന്തോഷിപച്ച എല്ലാ വരെയും–
മാഷ് സ്വന്തം കുട്ടികളെ പോലെ കരുതി
ജിവിച്ചു....





രചന
ABHILASH.K
IX D





# പുതിയ ടീച്ചർ

ഒരു ദിവസം ഞാൻ പതിവുപോലെ സ്കൂളിൽ കളിച്ചും ചിരിച്ചും നിൽകുകയായിരുന്നു അപ്പൊഴാണ് ഗണിത ടീച്ചർ ഞങ്ങളുടെ അടുത്തുവന്നിരുന്നു പറഞ്ഞു. നിങ്ങൾക്ക് എനി പുതിയ ഗണിത ടീച്ചർ ആയിരിക്കും. ഒരു ട്രയിനിങ്ങ് ടീച്ചർ ആയിരിക്കും. സമയം കടന്നു പോയി. ഗണിത പിരീട് തുടങ്ങി. പുതിയ ടീചർ വന്നു , ക്ലാസിലെ എല്ലാവരും എഴുന്നേറ്റു നിന്നു .ഒരു ചെറുപ്പക്കാരൻ കറുത്ത് മെലിഞ്ഞ് എന്തു ചെയ്യണം എന്ന് അറിയാതെ എല്ലാവരോടും ഇരിക്കാൻ പറഞ്ഞു . എല്ലാവരും ടെക്സ്റ്റ്ബുക്ക് എടുത്തു. ക്ലാസ് തുടങി .ടീചർ ഇടറിയ കാൽചുവടുകളോടെ ബോഡിന്റെ അടുത്തേക്ക് ചോക്കുമായിട്ട് നടന്നു . അയാളുടെ കണ്ണുകളിൽ ഭയമുണ്ടായിരുന്നു. പേടികാരണം വിയർക്കുന്നുണ്ടായിരുന്നു. ക്ലാസ് കഴിഞ്ഞു ഞാൻ പുസ്തകം ബാഗിൽ എടുത്തു വച്ചു എന്നിട്ടു തിരിഞ്ഞുനോക്കിയപ്പോൾ ആദ്യം പഠിപ്പിച്ച ടീച്ചർ അവിടെയുണ്ടായിരുന്നു പുതിയ ടീച്ചർ ക്ലാസ് എടുക്കുന്നത് എന്ന നോക്കീ. ട്ടീച്ചർ പോയി പുതിയ ട്ടീച്ചറും പോയി.





BY AADISH

OH MY MYYYYYYYYYYYY!
TELL ME WHY?
I'M THE GIRL IN LOVE
;FOR THE SAKE OF LOVE
OH! WHY?WHY? CAN'T GET OVER IN
I' M THE ROCK-A-BYE-BYE.
PLEASE TELL ME WHY
I'D WANT TO A LOVE-A-BYE
A LOVE ITS A HONEY FOR ME
OH BESTIE'its LOVE OF JOY
LOVE-IT BE A ''YES''
LOVE IT BE A -"NO"
IT WAS AND IT IS TO FILL THE GAP
I DO MISS YOU,MISS YOU SO
IT IS 'MISS' THE MISS ME,OH MISS ME NOT
HAI! YOU, YOU THE MISS KITTY
OH NO MISS KITTY
YEAH! THE GAP IS FILLED.
IT IS THE GAP OF LIFE

WRITTEN BY:-

MINI MAM

DONE BY:-



FATHIMA RAFA

# നരനെന്ന കാലൻ

വിരൽ തുമ്പിലൊതുങ്ങുന്ന ലോകമേ...
നിന്നെയോർത്ത് കാലം പഴിക്കുന്നു
പിഞ്ചോളം മേനിയിൽ കാമം കാണുവനെ
എന്തുവിളിക്കണം..? നരനെന്നോ..?
അതോ മൃഗമെന്നോ...?
പാടില്ല ...മൃഗമെന്ന്...മൃഗമെന്ന്
വിളിച്ചാൽ അവരെന്നെ  തല്ലിക്കൊല്ലും...
മൃഗങ്ങളുടെ  പോലും ഏഴലത്ത്
പോലുമെത്താത്ത നാരനേ.. ലജ്ജയില്ലേ...?
ഈ യന്ത്രവൽകൃത യുഗത്തിൽ നീയുമൊരു
റോബോർട്ടായി മാറിയൊ...?
നീ ബുദ്ധിശൂന്യനായി മാറിയോ...?
ഉള്ളിലെ അമർഷം വരികളിലൊതുക്കാൻ കഴിയുന്നില്ല...
അറയ്ക്കുന്നു... നിന്റെ ചെയ്തികളെ...
വിറക്കുന്നു വിരലുകൾ...വെറുപ്പോടെ...
നിൻ ഉന്മാതചിത്തെ ചിതാഭസ്മമാകാൻ കഴിഞ്ഞിരുന്നെങ്കിൽ
എന്തിനീ ക്രൂരത കുഞ്ഞു പൈതങ്ങളോടും...?
കാലനായ് മാറാതെ നീയി ഭുവിൽ
നരനായ് വാഴുക....
കാവലായ്.....       ഇനിയെങ്കിലും.....

Prepared by



# രാവിന്റെ നൊമ്പരം

കറുത്ത പക്ഷിപാടുന്ന പാട്ടിൽ
പകലുകളെരിയുന്നു വീണ്ടും
ഇത് മനുഷ്യർ തിമർത്താടുന്ന കാലം....
കരളിലെ നോവിൽ കരിം തേളുലയ്ക്കുന്ന
കഠിനമാം വൃഥയുടെ നീറ്റൽ
പോയ് പോയ നാളിൽ മലരുണ്ണുവാതിനി
കൂട്ടി നീളം കിളിയില്ല....
ഉച്ചവെയലേറ്റു കരിഞ്ഞുണങ്ങി പാടം
മർത്യന്റെ നന്മകളൊക്കെ മാഞ്ഞുപോയി
മഴുതിന്നമാമരവും വിണ്ടുകീറിയ പാടവും
ഉയർന്നെഴുന്നേൽക്കാനായി ദാനിക്കുന്നു....
ഒരിക്കലെങ്കിലും കൊതിച്ച് പോകുന്നു
പഴയോരാശ്രമ വീഥിയിലലിയാൻ
വയലിൽ നിന്നുതിരിയുന്ന പാണന്റെ പാട്ടിലെ
ഈണം നുകർന്നു കൂടെയാടാൻ
മഴക്കാറില്ല കോളില്ല വെറും ശൂന്യത.....
ഇത് കലിയുടെ പകയുടെ കാലം....



ഷാൽവി റോസ്ലിയാറ
IX H

# ഒരു പൊതിക്കെട്ട്

സ്കൂളിൽ അസംബ്ലി നടക്കുകയാണ്.തലേന്ന് സ്കൂളിന് അവധിയായിരുന്നു.3Bയിലെ അബ്ദുൽ സമീർ ഞങ്ങളെ വിട്ട് പോയ ദിവസമായിരുന്നു അന്ന്.ഉമ്മയുടെയും ഉപ്പയുടെയും ഇക്കാക്കമാരുടെയും ഇത്താത്തമാരുടെയും തേങ്ങലുകളും നിലവിളികളും ഉള്ളിൽക്കിടന്ന് പിടയുന്നുണ്ടായിരുന്നു.

ഒരു നാട് മുഴുവൻ തേങ്ങിയ ദിവസം അസംബ്ലി ഒരു നിമിഷം മൗനം ആചരിച്ചു.അബ്ദുൽ സമീറിന്റെ വിരൽസ്പർശം പോലെ ഒരു തണുത്ത കാറ്റ് ഞങ്ങളെ തലോടി.

മൗനാചരണത്തിനു ശേഷം സംസാരിച്ചത് സുരേന്ദ്രൻ മാഷായിരുന്നു.കണക്ക് മാഷ് കണക്കിനെ പോലെ കൃത്യതയുള്ള മാഷ് കൂട്ടിയാലും കുറച്ചാലും മാഷ് തന്നെ.മാഷ് ശുണ്ഠിക്കാരനാണ്. എന്നാൽ പാലുപോലുള്ള മനസ്സുള്ള മാഷ്.മാഷെ ഞങ്ങൾക്ക് ഇഷ്ടമായിരുന്നു.മാഷ് വികാര പരവശനായിരുന്നു.

സംസാരിക്കുന്നതിനിടയിൽ ആ മുഖം ഒരു കുഞ്ഞിനെ പോലെ നിഷ്കളങ്കമായി കാണപ്പെട്ടു.അബ്ദുൽ സമീർ മോനെ...
നിന്റെ ദുർവിധിക്ക് ഞാൻ കാരണമായല്ലോ മോനെ...
മാഷ് ഒരു കുറ്റവാളിയെപ്പോലെ
പൊട്ടിക്കരഞ്ഞു.അസംബ്ലിയിൽ തേങ്ങലുയർന്നു.മാഷെ

ആരൊക്കെയോ ആശ്വസിപ്പിച്ച് ഓഫീസിലേക്ക് കൊണ്ട് പോയി.

അസംബ്ലി പിരിഞ്ഞു ഞങ്ങൾ വരിവരിയായി ക്ലാസിലേക്ക്.
3B ഞങ്ങളുടെ ക്ലാസ് ശോകമൂകമാണ്.സുരേന്ദ്രൻ മാഷ് പൊട്ടിക്കരഞ്ഞ സംഭവം മനസ്സിലുണ്ട്.

ക്രിസ്തുമസ് അവധി കഴിഞ്ഞ് സ്കൂൾ തുറന്ന ദിവസം ഉച്ചഭക്ഷണം കഴിഞ്ഞു ബെല്ലടിച്ചു.അരുൺ കരയുകയാണ്.അവൻ കൊണ്ടുവന്ന അരളിപ്പൂവിന്റെ പടമുള്ള ക്രിസ്തുമസ് കാർഡ് കാണാനില്ല.ഒരു വശത്തുനിന്നു നോക്കുമ്പോൾ പൂവ് മൊട്ടായി തോന്നും.അൽപ്പം ചെരിഞ്ഞു നോക്കിയാൽ വിടർന്ന പൂക്കൾ. "ഹായ് എന്തുരസം"അരുൺ ഈ അത്ഭുതചിത്രം കാണിച്ച് ഹീറോ ചമയുകയാണ്.

അരുണിന്റെ പിൻബെഞ്ചിൽ ഇരിക്കുന്ന അബ്ദുൾ സമീറിന് ഒരു മോഹം ആ അരളിപ്പൂവിന്റെ പടം കിട്ടിയിരുന്നെങ്കിൽ......
കുഞ്ഞുമനസ്സാണ്.ശരിയും തെറ്റും തിരിച്ചറിയാവാത്ത,അരുതായ്മ-കൾ അറിയാത്ത മനസ്സ്.അബ്ദുൾ സമീർ ഉച്ചനേരത്ത് ആരും അറിയാതെ ആ പടം എടുത്ത് ബാഗിന്റെ രഹസ്യ അറയിൽ ഒളിപ്പിച്ചു.ഉച്ചയ്ക്ക് ശേഷം കണക്ക ക്ലാസ്

ആരംഭിച്ചു.അരുൺ അപ്പോഴും നിശ്ശബ്ദം
തേങ്ങുകയായിരുന്നു.അത് സുരേന്ദ്രൻ മാഷ്
കാണാനിടയായി.

എന്താ അരുൺ.....എന്തു പറ്റി?

"സർ എന്റെ ചിത്രം ആരോ എടുത്തു"

`എന്തു ചിത്രം'.

കുട്ടികൾ കാക്ക കൂട്ടങ്ങളെ പോലെ വിശദീകരണമായി.
`ചിത്രം എടുത്തവർക്ക് അത് തിരികെ നൽകാം.സുരേന്ദ്രൻ
മാഷുടെ മുഖത്ത് ഗൗരവം.ആരും ഒന്നും മിണ്ടുന്നില്ല."ശരി"
മാഷ് പുറത്ത് പോയി,ഒരു ഈർക്കിൽ കെട്ടുമായി തിരിച്ചു
വന്നു.മാഷ് ഓരോ ഈർക്കിൽ വീതം കുട്ടികൾക്കു
നൽകി.ഒരു നിമിഷം എല്ലാവർക്കും കണ്ണടച്ചു പിടിക്കാൻ
പറഞ്ഞു.ഇത് ഒരു സാധാരണ ഈർക്കിൽ കഷ്ണമല്ല ചിത്രം
മോഷ്ടിച്ചയാളുടെ ഈർക്കിൽ കഷ്ണം ഒരിഞ്ച്
വലുതാകും.അങ്ങനെ കള്ളനെ പിടിക്കും.അബ്ദുൾ സമീറിന്
പേടിയായി.അവൻ എല്ലാവരും കണ്ണടച്ചുനിൽക്കുന്നതിടയിൽ
തന്റെ ഈർക്കിലിന്റെ അറ്റം മുറിച്ചുചാടി.

എല്ലാവരും കണ്ണുതുറന്നോളൂ... മാഷ്
പറഞ്ഞു.ഈർക്കിൽ ശേഖരിച്ച് കഴിഞ്ഞപ്പോൾ അബ്ദുൾ
സമീറിന്റെ ഈർക്കിൽ ചെറുതായിരിക്കുന്നു.

ചിത്രം മോഷ്ടിച്ചത് അബ്ദുൾ സമീറാണെന്ന് എല്ലാവർക്കും

മനസ്സിലായി.ബാഗിന്റെ രഹസ്യ അറയിൽ നിന്ന് ചിത്രം കണ്ടുപിടിക്കപ്പെട്ടു.സുരേന്ദ്രൻ മാഷ് സമീറിനെ അടുത്ത് വിളിച്ച് ഉപദേശിച്ചു.തല്ലിയില്ല.സമീറല്ല,ആരും ആരുടേയും ഒന്നും മോഷ്ടിക്കരുത്.കുട്ടിക്കാലത്ത് ഗാന്ധിജി പോലും മോഷ്ടിച്ചിട്ടുണ്ട്.

അത് തെറ്റാണെന്ന് ഗാന്ധിജിക്ക് ബോധ്യമായി.പിന്നീടൊരിക്കലും ഗാന്ധിജി മോഷ്ടിച്ചിട്ടില്ല.ഗാന്ധിജി മഹാനായില്ലേ. എന്തു വീണുകിട്ടിയാൽ പോലും നാം എടുക്കരുത്.ഉടമസ്ഥനെ കണ്ടെത്തി,തിരിച്ച് കൊടുക്കണം.അതാണ് മഹാന്മാരുടെ ലക്ഷണം.സമീർ പിന്നെ ഒന്നും മോഷ്ടിച്ചില്ല.ഗാന്ധിജിയെപ്പോലെ മഹാനാവണം അവന്റെ കുഞ്ഞുമനസ്സ് കൊതിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം ഉമ്മയോടും ഉപ്പയോടുമോപ്പം പട്ടണത്തിൽ പോയതായിരുന്നു അബ്ദുൾസമീർ.പീടികയിൽ നിന്ന് എന്തോക്കയോ സാധനങ്ങൾ വാങ്ങി ഇറങ്ങുകയായിരുന്നു അവർ.പട്ടണത്തിൽ നല്ല ആൾത്തിരക്കുണ്ട്.

ആ തിരക്കിനിടയിലൂടെ ഒരു മോട്ടോർ ബൈക്ക് ചീറിപ്പാഞ്ഞു പോയി.എന്തൊരു സ്പീഡ് സമീർ ആരാധനയോടെ ബൈക്കിൽ പോകുന്ന ഏട്ടന്മാരെ


നോക്കി.പെട്ടന്ന് ആ ബൈക്കിൽ നിന്ന് ഒരു പൊതിക്കെട്ട് അബ്ദുൾ സമീറിന്റെ മുന്നിലേക്ക് തെറിച്ചു വീണു.സമീർ പിന്നെ ഒന്നും ആലോചിച്ചില്ല.

"ഏട്ടാ... ഏട്ടാ..... പൊതി... പൊതി....." അവൻ ബൈക്കിന്റെ പിന്നാലെ ആൾക്കൂട്ടത്തിനിടയിലൂടെ പൊതിയുമായി ഓടി.ഉമ്മയേയും ഉപ്പയേയും അവൻ മറന്നിരുന്നു.

പിന്നീട് നടന്നതെന്തെന്ന് ഫ്ലാഷ് ന്യൂസിലൂടെ ലോകമറിഞ്ഞു.സ്ഫോടനത്തിൽ ഇരുപത്തിരണ്ട് പേർ മരിച്ചു.നിരവധി പേർക്ക് പരുക്ക്.പലരുടെയും നില ഗുരുതരം.സ്ഫോടനത്തിൽ ഒരു സ്കൂൾ കുട്ടിയും മരിച്ചിരുന്നു.അത് ഞങ്ങളുടെ അബ്ദുൾ സമീറായിരുന്നു.ഗാന്ധിയെ പോലെ മഹാനാവാൻ കൊതിച്ച എന്റെ സഹപാഠി.ഞങ്ങളുടെ അബ്ദുൾ സമീർ.

മോട്ടോർ ബൈക്കിൽ ചീറിപ്പാഞ്ഞു പോയ ഏട്ടന്മാരോട് ഞങ്ങളുടെ അബ്ദുൾ സമീർ എന്തു തെറ്റ് ചെയ്തു?

അന്ന് മരിച്ചു പോയവരും മരിച്ചു ജീവിക്കുന്നവരും എന്തു തെറ്റ് ചെയ്തു.സത്യത്തെയും ധർമ്മത്തെയും ഞെരിച്ച് കൊല്ലുന്നവരോടൊപ്പം നിങ്ങളുണ്ടോ? ഇല്ല . ഞങ്ങളില്ല.



യാസിൻ റിസ്വാൻ.പി
IX A



# യന്ത്രമനുഷ്യൻ

എന്തിനു വന്നു നീ ഞങ്ങളുടെ ഈ മനോഹര ഭ്രവിൽ
നീ എന്ന മഹാശക്തിക്കു മുന്നിൽ തലകുനിച്ചു നിൽകുന്നു
ഞങ്ങൾ മനുഷ്യർ.
നീ എന്ന സൃഷ്ടിയെ സൃഷ്ടിച്ചവനെപ്പോലും അടക്കി ഭരിക്കുന്നു നീ
നീ എന്ന മഹാശക്തിക്കു മുന്നിൽ ഞങ്ങൾ  മാനവികർ തോറ്റു
പോയെന്നും , നി ജയിച്ചുവെന്നും നീ കരുതിടേണ്ട
ഒരു നാൾ ഞങ്ങൾ പൂർണ ശക്തിയോടെ നിന്നെ നശിപ്പിച്ചിടും
മർത്ത്യന്റെ സുഹർത്തല്ല നിയെന്നും.
മറിച്ച് മാനവികത തകർകാൻ വന്ന മഹമാരിയാണ് നീയെന്നും അവർ
മനസ്സിലാക്കിടും.
അന്നു നീ നിന്റെ കിരിടം അഴിച്ചുവെച്ച് മണ്ണിലേക്ക് യാത്രയാക്കും.
എന്നു നീ ഈ ഭുമിയിൽ പിറന്നോ അന്ന് ഈ ഭുമിയിലെ സ്നേഹം
അകന്നു.
നിന്റെ മരണമാൽ ഈ ഭുമി വീണ്ടും പുനർജ്ജനിക്കപ്പെടും എന്ന ശുഭ
പ്രതീക്ഷയോടെ ഞാൻ നിലക്കോള്ളുന്നു.



Freyja s jawahar
9F

# അമ്മ



വാത്സല്യമായ നിന്റെ ഈ
പുഞ്ചിരിയിൽ കണ്ട സ്നേഹം
നിന്റെ കഷ്ടപാടിന്റെ ഫലമാണീ മക്കൾ
നിന്റെ ത്യാഗത്തിന്റെ
വെയിൽകിരണമാണ് ഈ തുടിപ്പ്
ദൈവത്തിന്റെ മറുരൂപമാണ് അമ്മ
പ്രശ്നം എതുമാക്കട്ടെ
അമ്മ കുടെയുണ്ടങ്കിൽ
ജീവിത സഫലമാക്കുന്നു
മക്കളുടെ കണ്ണിൽകണ്ട ദൈവമാണ്
അമ്മയെന്ന് ലോകം തെളിക്കുന്നു
സ്വന്തമെന്ന് കരുതാവുന്ന
സ്വത്താണ് അമ്മ

അമ്മയുടെ കണ്ണീരാണ്
മക്കളുടെ വീജയത്തിനു പിന്നിൽ
അമ്മയാണ് സർവവും, അമ്മ
എവിടെയും വിജയിക്കട്ടെ.



VAIGHA KRISHNA CV

# A





സൻഹ ഫാത്തിമ നൗഷാദ്

IX F